# കേരള നിയമസഭ
## 22.01.2014-ലെ മറുപടിക്ക്

പതിമൂന്നാം കേരള നിയമസഭ
പത്താം സമ്മേളനം
2014 ജനുവരി 22, ബുധൻ
നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങൾ
(ആകെ ചോദ്യങ്ങൾ- 356)

| മറുപടി നൽകുന്ന മന്ത്രിമാർ | ചോദ്യനമ്പർ |
|---|---|
| മുഖ്യമന്ത്രി | 1863 മുതൽ 1971 വരെ |
| മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി | 1972 മുതൽ 2046 വരെ |
| ആഭ്യന്തരവും വിജിലൻസും വകുപ്പു മന്ത്രി | 2047 മുതൽ 2163 വരെ |
| വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി | 2164 മുതൽ 2218 വരെ |

### പ്രധാനമന്ത്രിയുടെ സാന്നിദ്ധ്യത്തിൽ നടന്ന മന്ത്രിസഭായോഗം

1863 ശ്രീ. പാലോട് രവി
,, എ. പി. അബ്ദുള്ളക്കുട്ടി
,, വി. പി. സജീന്ദ്രൻ
,, ജോസഫ് വാഴക്കൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2014 ജനുവരി മാസം പ്രധാനമന്ത്രിയുടെ സാന്നിദ്ധ്യത്തിൽ സംസ്ഥാനത്ത് പ്രത്യേക മന്ത്രിസഭായോഗം ചേർന്നിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) എന്തെല്ലാം വിഷയങ്ങളാണ് പ്രത്യേക മന്ത്രിസഭാ യോഗത്തിൽ ചർച്ച ചെയ്തിട്ടുള്ളത്; വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(സി) മന്ത്രിസഭാ യോഗത്തിൽ എന്തെല്ലാം കാര്യങ്ങളാണ് സംസ്ഥാനം ഉന്നയിച്ചിട്ടുള്ളത്; വിശദമാക്കാമോ;

(ഡി) സംസ്ഥാനത്തിന്റെ ആവശ്യങ്ങൾ സംബന്ധിച്ച് പ്രധാനമന്ത്രിയുടെ പ്രതികരണം എന്തായിരുന്നു; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

## കേരള നിയമസഭ
## 22.01.2014–ലെ മറുപടിക്ക്

ഭരണത്തിൽ വിശ്വസ്തതയും സുതാര്യതയും

1864 ശ്രീ. ബെന്നി ബെഹനാൻ
'' വി. ഡി. സതീശൻ
'' എം. എ. വാഹീദ്
'' എ. പി. അബ്ദുള്ളക്കുട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഭരണത്തിൽ വിശ്വസ്തതയും സുതാര്യതയും ഉറപ്പ് വരുത്തുന്നതിനായി എന്തെല്ലാം കർമ്മപരിപാടികളാണ് ആവിഷ്ക്കരിക്കാനുദ്ദേശിക്കുന്നത്; വിശദമാക്കാമോ;

(ബി) പ്രസ്തുത ലക്ഷ്യം നിറവേറ്റുന്നതിനായി ഒരു പേഴ്സണൽ പോളിസി രൂപീകരിച്ച് നടപ്പിലാക്കുന്ന കാര്യം പരിഗണിക്കുമോ; വ്യക്തമാക്കാമോ;

(സി) ആയതിനായി എന്തെല്ലാം പ്രാരംഭ നടപടി സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കാമോ?

# കേരള നിയമസഭ
## 22.01.2014–ലെ മറുപടിക്ക്

ഭരണഭാഷ മലയാളമാക്കുന്നതിനായി സ്വീകരിച്ച നടപടി

1865 ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഭരണഭാഷ മലയാളമാക്കുന്നതിനായി ഇതിനകം സ്വീകരിച്ച നടപടി എന്തെല്ലാമാണെന്ന് വിശദമാക്കുമോ;

(ബി) വകുപ്പുതലത്തിലും സംസ്ഥാനതലത്തിലും ഭരണഭാഷ മലയാളമാക്കുന്നതിന് എന്തെല്ലാം സംവിധാനങ്ങൾ ഇപ്പോൾ നിലവിലുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) സർക്കാർ ജീവനക്കാർക്ക് ഭരണഭാഷാമാറ്റത്തിന് സഹായകമായി നൽകുന്ന പരിശീലനങ്ങൾ, പ്രസിദ്ധീകരണങ്ങൾ എന്നിവ എന്തെല്ലാമാണെന്ന് വെളിപ്പെടുത്തുമോ;

(ഡി) ആകെയുളള വകുപ്പുകളിൽ ഏതെല്ലാം വകുപ്പുകളിൽ ഭരണഭാഷ മലയാളമാക്കിയെന്നും ഭരണഭാഷ മാറ്റം ഏതെല്ലാം വകുപ്പുകളിൽ സാർവ്വത്രികമാക്കിയിട്ടില്ലെന്നും വകുപ്പ് തിരിച്ച് വ്യക്തമാക്കുമോ;

(ഇ) കോടതിഭാഷ സർക്കാർ ഉത്തരവുകൾ, സർക്കുലറുകൾ എന്നിവയിൽ മലയാള ഭാഷാപാലനം ഉറപ്പാക്കുന്നതിന് എന്തെല്ലാം നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ടെന്ന് വിശദമാക്കാമോ?

# കേരള നിയമസഭ
## 22.01.2014-ലെ മറുപടിക്ക്

<u>ഇ-ഓഫീസ് സംവിധാനം</u>

1866 ശ്രീ. സി. പി. മുഹമ്മദ്
,, ഐ. സി. ബാലകൃഷ്ണൻ
,, വി. ഡി. സതീശൻ
,, എ. റ്റി. ജോർജ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സെക്രട്ടേറിയറ്റിൽ ഇ-ഓഫീസ് സംവിധാനം ഏർപ്പെടുത്തുന്നതിന് തീരുമാനമെടുത്തിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) പ്രസ്തുത സംവിധാനത്തിന്റെ ഉദ്ദേശ്യലക്ഷ്യങ്ങളും പ്രവർത്തനരീതിയും എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(സി) ഫയലുകളുടെ നീക്കങ്ങൾ ജനങ്ങൾക്ക് മനസ്സിലാക്കുന്നതിന് എന്തെല്ലാം സൗകര്യങ്ങളാണ് പ്രസ്തുത സംവിധാനത്തിൽ ഏർപ്പെടുത്തിയിട്ടുള്ളതെന്ന് വിശദമാക്കാമോ;

(ഡി) പ്രസ്തുത സംവിധാനത്തിന്റെ പ്രവർത്തനവുമായി സഹകരിക്കുന്നത് ആരൊക്കെയാണ്; വ്യക്തമാക്കുമോ?

## കേരള നിയമസഭ
## 22.01.2014–ലെ മറുപടിക്ക്

<u>സെക്രട്ടേറിയറ്റിൽ ഡിജിറ്റൽ ഡോക്യുമെന്റ് ഫയലിംഗ് സിസ്റ്റം</u>

1867 ശ്രീ. എം. വി. ശ്രേയാംസ് കുമാർ
,, റോഷി അഗസ്റ്റിൻ
,, പി. സി. ജോർജ്
ഡോ. എൻ. ജയരാജ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സെക്രട്ടേറിയറ്റിൽ ഡിജിറ്റൽ ഡോക്യുമെന്റ് ഫയലിംഗ് സിസ്റ്റം നടപ്പിലാക്കിയ വകുപ്പുകൾ ഏതെല്ലാം; വ്യക്തമാക്കാമോ;

(ബി) പ്രസ്തുത ഫയലിംഗ് സിസ്റ്റം നടപ്പിലാക്കിയ വകുപ്പുകളുടെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ; ഗുണകരമായ എന്തെല്ലാം മാറ്റങ്ങളാണ് ആയതിലൂടെ ഉണ്ടായിട്ടുള്ളത്; വിശദമാക്കാമോ;

(സി) ഇതര വകുപ്പുകളിൽ കൂടി കടലാസുരഹിത ഫയലിംഗ് സംവിധാനം അടിയന്തിരമായി നടപ്പിൽ വരുത്തുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 22.01.2014-ലെ മറുപടിക്ക്

<u>ഭരണത്തിൽ വ്യക്തിഗത പ്രവർത്തനം വിലയിരുത്തുന്നതിന് നടപടി</u>

1868 ശ്രീ. സി. പി. മുഹമ്മദ്
,, ഷാഫി പറമ്പിൽ
,, പാലോട് രവി
,, തേറമ്പിൽ രാമകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പൊതുഭരണത്തിൽ വ്യക്തിഗത പ്രവർത്തനം വിലയിരുത്തുന്നതിനായി എന്തെല്ലാം നടപടിയാണ് സ്വീകരിച്ചിട്ടുള്ളത് ; വിശദമാക്കാമോ ;

(ബി) ആയതിനായി ന്യായവും വിശ്വസ്തവുമായ മാനദണ്ഡം ആവിഷ്ക്കരിക്കുന്ന കാര്യം ആലോചിക്കുമോ ; വിശദമാക്കാമോ ;

(സി) ആയതിനായി എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ട് ?

## കേരള നിയമസഭ
## 22.01.2014–ലെ മറുപടിക്ക്

<u>കൺസോർഷ്യം ഓഫ് റിട്ടയേർഡ് എക്സ്പേർട്ട്സ് ഓഫ് ഡെവലപ്മെന്റ് കമ്പനി</u>

1869 ശ്രീ. പി. എ. മാധവൻ
,, വർക്കല കഹാർ
,, കെ. ശിവദാസൻ നായർ
,, ലൂഡി ലൂയിസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കൺസോർഷ്യം ഓഫ് റിട്ടയേർഡ് എക്സ്പേർട്ട്സ് ഓഫ് ഡെവലപ്മെന്റ് കമ്പനി രൂപീകരിക്കാൻ തീരുമാനമെടുത്തിട്ടുണ്ടോ;

(ബി) പ്രസ്തുത കമ്പനിയുടെ ഉദ്ദേശ്യലക്ഷ്യങ്ങളും പ്രവർത്തനരീതിയും എന്തൊക്കെയാണ്; വ്യക്തമാക്കുമോ;

(സി) വിരമിച്ച ഉദ്യോഗസ്ഥരുടെ വിദഗ്ദ്ധസേവനം സംസ്ഥാനത്തിന്റെ വികസനത്തിന് ഉപയോഗപ്പെടുത്തുന്നതിന് എന്തെല്ലാം കാര്യങ്ങളാണ് ഇതിൽ ഉൾപ്പെടുത്തിയിരിക്കുന്നത്; വിശദമാക്കുമോ;

(ഡി) കമ്പനിയുടെ പ്രവർത്തനത്തിന് എന്തെല്ലാം നടപടികളാണു സ്വീകരിച്ചിട്ടുള്ളത്; വിശദാംശങ്ങൾ ലഭ്യമാക്കുമോ?

## കേരള നിയമസഭ
## 22.01.2014-ലെ മറുപടിക്ക്

<u>ബജറ്റിൽ പ്രസ്താവിച്ചിട്ടുള്ള പദ്ധതികളുടെ പ്രവർത്തന പുരോഗതി എം.എൽ.എ.മാരെ അറിയിക്കാൻ നടപടി</u>

1870 ശ്രീ. കെ. രാജു

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ബജറ്റിൽ പറഞ്ഞിട്ടുള്ള പ്രവൃത്തികൾ നടപ്പിലാക്കുന്നത് സംബന്ധിച്ച് പൊതുമരാമത്തും മറ്റ് വകുപ്പുകളും പ്രവൃത്തികളുടെ പുരോഗതി വിശദമാക്കുന്ന റിപ്പോർട്ടുകൾ എം.എൽ.എ.മാർക്ക് മാസംതോറും നൽകണമെന്ന നിബന്ധനയുണ്ടോ;

(ബി) ഇത്തരത്തിലുള്ള ഉറപ്പ് സഭയിൽ നൽകിയിട്ടുണ്ടോ; എങ്കിൽ പ്രസ്തുത പ്രതിമാസ പ്രവർത്തന പുരോഗതി റിപ്പോർട്ട് എം.എൽ.എ.മാർക്ക് ലഭ്യമാക്കാത്തത് ഭരണ നിർവ്വഹണത്തിലെ ശ്രദ്ധക്കുറവാണെന്ന വസ്തുത ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(സി) ഇത്തരം റിപ്പോർട്ട് എം.എൽ.എ.മാർക്ക് ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 22.01.2014–ലെ മറുപടിക്ക്

<u>ഐഡിയാസ് ഫയൽ ട്രാക്കിംഗ് സംവിധാനം</u>

1871 ശ്രീ. പി.കെ. ബഷീർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പൊതുജനങ്ങൾ, ജനപ്രതിനിധികൾ തുടങ്ങിയവർക്ക് ഫയലുകളുടെ നിജസ്ഥിതി മനസ്സിലാക്കുന്നതിന് ഗവൺമെന്റ് സെക്രട്ടേറിയറ്റിലും, മറ്റ് വിവിധ വകുപ്പുകളിലും ഏർപ്പെടുത്തിയിരിക്കുന്ന ഐഡിയാസ് ഫയൽ ട്രാക്കിംഗ് സംവിധാനം ഇപ്പോൾ കാര്യക്ഷമമായി പ്രവർത്തിക്കുന്നില്ല എന്നത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ബി) സെക്രട്ടേറിയറ്റിലെ മന്ത്രി ഓഫീസുകളിൽ കൊടുത്ത പരാതി സംബന്ധിച്ച് പ്രസ്തുത സംവിധാനത്തിൽ 'സെർച്ച്' ചെയ്താൽ ബന്ധപ്പെട്ട സെക്ഷനിൽ അവയുടെ നടപടിക്രമങ്ങൾ പൂർത്തിയാക്കിയാലും വകുപ്പ് മന്ത്രിയുടെ ഓഫീസിൽ ഉള്ളതായിട്ടാണ് നിലവിൽ അറിയാൻ കഴിയുന്നത്. ആയത് പരിഹരിക്കുന്നതിനും, ബന്ധപ്പെട്ട വകുപ്പിലെ ഫയൽ നമ്പർ ഉൾപ്പെടെ ഐഡിയാസിൽ ലഭിക്കുന്നതിനും നടപടി സ്വീകരിക്കുമോ;

(സി) എം.എൽ.എ.മാരുടെ പി.എ.മാർക്ക് ഐഡിയാസ് ഐ.ഡി. നൽകുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 22.01.2014–ലെ മറുപടിക്ക്

<u>കെട്ടിക്കിടക്കുന്ന അപേക്ഷകളും ഫയലുകളും സമയബന്ധിതമായി തീർപ്പ് കല്പിക്കുന്നതിന് നടപടി</u>

1872

ശ്രീ. മോൻസ് ജോസഫ്
,, സി. എഫ്. തോമസ്
,, റ്റി. യു. കുരുവിള
,, തോമസ് ഉണ്ണിയാടൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സെക്രട്ടേറിയറ്റിലും വിവിധ വകുപ്പുകളുടെ ആസ്ഥാന ഓഫീസുകളിലും കെട്ടിക്കിടക്കുന്ന അപേക്ഷകളും ഫയലുകളും സമയബന്ധിതമായി തീർപ്പ് കല്പിക്കുന്നതിന് നിലവിൽ സ്വീകരിച്ച് വരുന്ന നടപടി എന്താണെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത ഓഫീസുകളിൽ ലഭിക്കുന്ന പരാതികൾ, അപേക്ഷകൾ ഇവയിന്മേൽ കാലതാമസം കൂടാതെ നടപടി സ്വീകരിക്കുന്നതിനും കാലതാമസം വരുത്തുന്ന ഉദ്യോഗസ്ഥർക്ക്മേൽ നടപടി സ്വീകരിക്കുന്നതിനും നിർദ്ദേശമുണ്ടാകുമോ; വിശദാംശം ലഭ്യമാക്കുമോ?

# കേരള നിയമസഭ
## 22.01.2014–ലെ മറുപടിക്ക്

<u>വകുപ്പുകൾ ലഭ്യമാക്കുന്ന ഭരണ റിപ്പോർട്ടുകൾ</u>

1873 ശ്രീ. എം. ഹംസ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഓരോ വകുപ്പും പ്രതിവർഷം ഭരണ റിപ്പോർട്ട് സർക്കാരിന് നൽകണമെന്ന നിബന്ധന നിലവിലുണ്ടോ; എങ്കിൽ ഏതെല്ലാം വകുപ്പുകളാണ് ഭരണ റിപ്പോർട്ട് സമയാസമയങ്ങളിൽ നൽകാത്തത്;

(ബി) ഓരോ വകുപ്പും അതിന്റെ പ്രവർത്തനം സംബന്ധിച്ച വിശദാംശം കാലാകാലങ്ങളിൽ തന്നെ നൽകണമെന്ന് നിർദ്ദേശിച്ചിട്ടുണ്ടോ; എങ്കിൽ അത് പാലിക്കാത്ത ഏതെല്ലാം വകുപ്പുകൾ ആണ് ഉള്ളത്; വ്യക്തമാക്കാമോ;

(സി) നിലവിൽ വകുപ്പുകൾ ഏത് വർഷത്തെ ഭരണറിപ്പോർട്ടാണ് സമർപ്പിച്ചു വരുന്നത്;

(ഡി) 2010–11 വർഷത്തെ ഭരണ റിപ്പോർട്ടുകൾ സമർപ്പിക്കാത്ത എത്ര വകുപ്പുകൾ ഉണ്ട്; അവ ഏതെല്ലാം; വ്യക്തമാക്കാമോ;

(ഇ) 2010–11 വർഷത്തെ ഭരണ റിപ്പോർട്ട് ഏതെല്ലാം വകുപ്പുകൾ സമർപ്പിച്ചു; വിശദമാക്കാമോ?

# കേരള നിയമസഭ
# 22.01.2014-ലെ മറുപടിക്ക്

<u>വിവിധ വകുപ്പുകൾ തമ്മിൽ ഏകോപനമില്ലായ്മ</u>

1874 ശ്രീ. റ്റി. എ. അഹമ്മദ് കബീർ
,, വി. എം. ഉമ്മർ മാസ്റ്റർ
,, പി. ഉബൈദുള്ള
,, എൻ. എ. നെല്ലിക്കുന്ന്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാരിനു കീഴിലെ വിവിധ വകുപ്പുകൾ തമ്മിലുള്ള ഏകോപനമില്ലായ്മ സംസ്ഥാനത്തിന്റെ വികസന പ്രവർത്തനങ്ങളെയും ജനജീവിതത്തെയും ദോഷകരമായി ബാധിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) വകുപ്പുദ്യോഗസ്ഥർക്ക് ബോധവത്ക്കരണമുൾപ്പെടെയുള്ള നടപടി സ്വീകരിച്ച് പ്രസ്തുത പ്രശ്നം പരിഹരിക്കുമോ; വ്യക്തമാക്കാമോ;

(സി) തുടർന്നും വകുപ്പുകൾ തമ്മിൽ കിടമത്സരം ഉണ്ടായാൽ ബന്ധപ്പെട്ടവർക്കെതിരെ ശിക്ഷാ നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

# കേരള നിയമസഭ
## 22.01.2014–ലെ മറുപടിക്ക്

<u>കാർഷിക കടങ്ങൾക്ക് മൊറട്ടോറിയം</u>

1875 ശ്രീ. എം. പി. വിൻസെന്റ്

താഴെ കാണുന്ന ചോദ്യത്തിന്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

കാർഷിക കടങ്ങൾക്ക് മൊറട്ടോറിയം പ്രഖ്യാപിച്ച് മന്ത്രിസഭ കൈക്കൊണ്ട തീരുമാനം ദേശസാൽകൃത ഷെഡ്യൂൾ ബാങ്കുകൾ നടപ്പിലാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ ഇതിനായി എന്തു നടപടി സ്വീകരിച്ചു?

# കേരള നിയമസഭ
## 22.01.2014–ലെ മറുപടിക്ക്

<u>കാർഷിക സ്വർണ്ണ പണയ വായ്പ</u>

T.1876 ശ്രീ. എം. പി. വിൻസെന്റ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കാർഷിക സ്വർണ്ണ പണയ വായ്പയ്ക്ക് പല ബാങ്കുകളും വ്യത്യസ്ത അപ്രൈസൽ ചാർജ് ഈടാക്കുന്നതു ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ അപ്രൈസൽ ചാർജ് യുക്തിസഹജമായി ഏകീകരിക്കുവാൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 22.01.2014-ലെ മറുപടിക്ക്

2006 വർഷത്തിൽ കാലാവധി അവസാനിച്ച യു. ഡി. എഫ് സർക്കാരിന്റെ ജനസമ്പർക്ക പരിപാടി

1877 ശ്രീ. കോടിയേരി ബാലകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2006 വർഷത്തിൽ കാലാവധി അവസാനിച്ച യു. ഡി. എഫ്. സർക്കാരിന്റെ എത്ര മുഖ്യമന്ത്രിമാർ ജനസമ്പർക്ക പരിപാടി സംഘടിപ്പിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്താമോ ;

(ബി) പ്രസ്തുത ജനസമ്പർക്ക പരിപാടി മുഖേന ആകെ എത്ര പരാതികൾ ലഭിച്ചെന്നും എത്ര പരാതികളിൽ അന്തിമ തീരുമാനം കൈക്കൊണ്ടെന്നും വിശദമാക്കാമോ ;

(സി) പ്രസ്തുത ജനസമ്പർക്ക പരിപാടിയിൽ ആവിർഭവിച്ച എത്ര ഫയലുകൾ നിലവിൽ സെക്രട്ടേറിയറ്റിലും ജില്ലാ കളക്ടറേറ്റുകളിലും മറ്റ് സർക്കാർ ഓഫീസുകളിലുമായി അന്തിമ തീർപ്പുകൽപ്പിക്കാതെ നിലവിലുണ്ടെന്ന് വിശദമാക്കാമോ ;

(ഡി) പ്രസ്തുത ജനസമ്പർക്ക പരിപാടിയിൽ ലഭ്യമായ ഓരോ പരാതികളും ഏതൊക്കെ വിഭാഗങ്ങളിൽപ്പെട്ടതാണെന്ന് വിശദമാക്കാമോ ;

(ഇ) പ്രസ്തുത ജനസമ്പർക്ക പരിപാടിയുടെ നടത്തിപ്പിനായി എത്ര തുക ചെലവഴിച്ചെന്ന് വിശദമാക്കാമോ ;

(എഫ്) പ്രസ്തുത ജനസമ്പർക്ക പരിപാടിയിൽ എന്തു തുക വിതരണം ചെയ്തുവെന്ന് വെളിപ്പെടുത്താമോ ?

# കേരള നിയമസഭ
## 22.01.2014–ലെ മറുപടിക്ക്

<u>കൊല്ലം ജില്ലയിലെ ജനസമ്പർക്കപരിപാടി</u>

1878 ശ്രീ. പി. കെ. ഗുരുദാസൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2013 ൽ കൊല്ലം ജില്ലയിൽ നടത്തിയ 'ജനസമ്പർക്ക' പരിപാടിയിൽ ലഭിച്ച പരാതികൾ എത്രയായിരുന്നു; പ്രസ്തുത പരാതികളിന്മേൽ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(ബി) ചികിത്സാധനസഹായത്തിന് ലഭിച്ച പരാതികൾ എത്ര; ഓരോരുത്തർക്കും അനുവദിച്ച തുക വ്യക്തമാക്കാമോ;

(സി) പ്രസ്തുത ജില്ലയിലെ പരിപാടിക്ക് ചെലവായ തുകയെത്രയെന്ന് വ്യക്തമാക്കാമോ;

(ഡി) 2011–ലെ ജനസമ്പർക്ക പരിപാടിയിൽ തീർപ്പാക്കാത്ത അപേക്ഷകൾ എത്രയായിരുന്നു; വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 22.01.2014–ലെ മറുപടിക്ക്

<u>കോട്ടയം ജില്ലയിലെ രണ്ടാംഘട്ട ജനസമ്പർക്ക പരിപാടി</u>

1879 ശ്രീ. കെ. അജിത്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കോട്ടയം ജില്ലയിലെ രണ്ടാംഘട്ട ജനസമ്പർക്ക പരിപാടിയിൽ ആകെ എത്ര പരാതികൾ ലഭിച്ചു; ഇതിൽ വൈക്കം നിയോജകമണ്ഡലത്തിലുൾപ്പെട്ട 9 പഞ്ചായത്തുകളിലും മുൻസിപ്പാലിറ്റിയിലുമായി എത്ര പരാതികളാണ് ലഭിച്ചതെന്നും ഇതിൽ എത്ര പരാതികൾ പൂർണ്ണമായി പരിഹരിക്കപ്പെട്ടുവെന്നും വ്യക്തമാക്കുമോ;

(ബി) വൈക്കം നിയോജകമണ്ഡലത്തിൽ ലഭിച്ച അപേക്ഷകളിൽ എത്ര രൂപയുടെ ധനസഹായം അനുവദിച്ചുവെന്ന് വ്യക്തമാക്കുമോ;

(സി) കോട്ടയം ജില്ലയിൽ നടത്തിയ രണ്ടാംഘട്ട ജനസമ്പർക്ക പരിപാടിക്ക് എന്തു തുക ചെലവായി എന്ന് വ്യക്തമാക്കുമോ;

(ഡി) ജനസമ്പർക്ക പരിപാടികൾ തുടർന്നു നടത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ എന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 22.01.2014-ലെ മറുപടിക്ക്

<u>പാലക്കാട് ജില്ലയിലെ ജനസമ്പർക്ക പരിപാടി</u>

1880 ശ്രീ. എം. ചന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മുഖ്യമന്ത്രിയുടെ ജനസമ്പർക്കപരിപാടിയിൽ പാലക്കാട് ജില്ലയിൽനിന്നും എ.പി.എൽ. വിഭാഗത്തിൽനിന്നും ബി.പി.എൽ. വിഭാഗത്തിലേയ്ക്ക് റേഷൻകാർഡ് മാറ്റുന്നതിനായുള്ള എത്ര അപേക്ഷകളാണ് ലഭിച്ചിട്ടുള്ളത്;

(ബി) ഇതിൽ എത്രയെണ്ണമാണ് ബി.പി.എൽ. കാർഡുകളാക്കി മാറ്റി നൽകിയിട്ടുള്ളത്;

(സി) ആലത്തൂർ മണ്ഡലത്തിൽനിന്നും ഇപ്രകാരമുള്ള എത്ര അപേക്ഷകളാണ് ലഭിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ഡി) പ്രസ്തുത അപേക്ഷകളിൽ എത്രപേർക്ക് ബി.പി.എൽ. കാർഡ് അനുവദിച്ചിട്ടുണ്ടെന്നും ആർക്കൊക്കെയാണ് എന്നും വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 22.01.2014–ലെ മറുപടിക്ക്

<u>ജനസമ്പർക്ക പരിപാടിയിലൂടെയുള്ള സർട്ടിഫിക്കറ്റുകളുടെ വിതരണം</u>

1881 ശ്രീ. ചിറ്റയം ഗോപകുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ജനസമ്പർക്കപരിപാടി നടക്കുന്ന കാലയളവിൽ സംസ്ഥാനത്തെ ചില ആഫീസുകൾ സർട്ടിഫിക്കറ്റുകളും മറ്റും യഥാസമയം നൽകാതെ ജനസമ്പർക്കപരിപാടിയിലൂടെ വിതരണം ചെയ്യുന്നതിന് ബോധപൂർവ്വമായ കാലവിളംബം സൃഷ്ടിക്കുന്നു എന്നുള്ള വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഏതെങ്കിലും തരത്തിലുള്ള ഔദ്യോഗികനിർദ്ദേശം ആയതുമായി ബന്ധപ്പെട്ട് നൽകിയിട്ടുണ്ടോ;

(സി) പ്രസ്തുത വിവരം ശ്രദ്ധയിൽപ്പെട്ടില്ലായെങ്കിൽ മേൽസൂചിപ്പിച്ച രീതിയിലുള്ള അപേക്ഷാതീർപ്പ് ജനസമ്പർക്കപരിപാടി മുഖാന്തിരം ഉണ്ടാക്കുന്നുണ്ടോ എന്നതു സംബന്ധിച്ച് ഒരന്വേഷണം നടത്തുമോ; വ്യക്തമാക്കാമോ;

(ഡി) ഇത്തരം നിർദ്ദേശം നൽകുന്നതും നടപ്പിലാക്കുന്നതുമായ ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 22.01.2014–ലെ മറുപടിക്ക്

<u>കണ്ണൂർ ജില്ലയിലെ ജനസമ്പർക്ക പരിപാടി</u>

1882

ശ്രീ. സി. കൃഷ്ണൻ

താഴെ കാണുന്ന ചോദ്യത്തിന്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

2013 ഡിസംബറിൽ നടന്ന ജനസമ്പർക്ക പരിപാടിയിൽ കണ്ണൂർ ജില്ലയിൽ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും ധനസഹായത്തിനു വേണ്ടി എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ട്; പ്രസ്തുത അപേക്ഷകരിൽ എത്ര പേർക്ക് ധനസഹായം അനുവദിച്ചിട്ടുണ്ട്; അനുവദിച്ച തുക, മേൽവിലാസം എന്നിവ താലൂക്ക് അടിസ്ഥാനത്തിൽ വിശദമാക്കാമോ?

# കേരള നിയമസഭ
## 22.01.2014-ലെ മറുപടിക്ക്

<u>കാസർഗോഡ് ജില്ലയിലെ വികസന പദ്ധതികളെക്കുറിച്ചുള്ള പഠന റിപ്പോർട്ട്</u>

1883

ശ്രീ. എൻ. എ. നെല്ലിക്കുന്ന്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയുടെ വികസന പദ്ധതികളെക്കുറിച്ച് പഠിച്ച് റിപ്പോർട്ട് സമർപ്പിക്കാൻ നിയോഗിച്ച പ്രഭാകരൻ കമ്മീഷൻ നൽകിയ പ്രധാന ശുപാർശകൾ എന്തെല്ലാമെന്ന് വിശദമാക്കുമോ;

(ബി) അവ നടപ്പാക്കുന്നതിന് എന്തു തുക വേണ്ടിവരുമെന്നാണ് കണക്കാക്കിയിട്ടുള്ളത്; അതിൽ ഏതൊക്കെ പദ്ധതികൾക്കായി എന്തു തുക ഇതുവരെ അനുവദിച്ചു എന്നും, വിനിയോഗിച്ചു എന്നും വിശദമാക്കുമോ;

(സി) അനുവദിച്ചതിൽ ഇനി എന്തു തുക വിനിയോഗിക്കേണ്ടതായിട്ടുണ്ട്;

(ഡി) മറ്റു പദ്ധതികൾ നടപ്പാക്കുന്നതിനാവശ്യമായ അനുമതി നൽകാൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 22.01.2014-ലെ മറുപടിക്ക്

<u>സ്റ്റാറ്റ്യൂട്ടറി പെൻഷൻ സംരക്ഷണത്തിനായി നടത്തിയ അനിശ്ചിതകാല സമരത്തിന്റെ ഒത്തുതീർപ്പുവ്യവസ്ഥ</u>

1884 ശ്രീ. കെ. വി. വിജയദാസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ജീവനക്കാരും അദ്ധ്യാപകരും സ്റ്റാറ്റ്യൂട്ടറി പെൻഷൻ സംരക്ഷണത്തിനായി നടത്തിയ അനിശ്ചിതകാല സമരത്തിന്റെ ഒത്തുതീർപ്പുവ്യവസ്ഥകളുടെ അന്തിമ തീരുമാനത്തിന്റെ വിശദാംശങ്ങൾ വ്യക്തമാക്കുമോ; ഇക്കാര്യത്തിൽ സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ; എങ്കിൽ ആയതിന്റെ പകർപ്പുകൾ ലഭ്യമാക്കുമോ;

(ബി) പ്രസ്തുത സമരത്തിന്റെ ഭാഗമായി ഉണ്ടാക്കിയ ഒത്തുതീർപ്പുവ്യവസ്ഥകളിൽ നിന്ന് ഏതെങ്കിലും കാര്യത്തിൽ സർക്കാർ പിന്നോക്കം പോയിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ നൽകുമോ?

# കേരള നിയമസഭ
# 22.01.2014–ലെ മറുപടിക്ക്

<u>മനുഷ്യാവകാശസംരക്ഷണ സംഘടനകൾ</u>

1885 ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മനുഷ്യാവകാശസംരക്ഷണം ലക്ഷ്യമാക്കിക്കൊണ്ട് പ്രവർത്തിക്കുന്ന എത്ര സംഘടനകളാണ് തിരുവനന്തപുരം ജില്ലയിൽ രജിസ്റ്റർ ചെയ്ത് പ്രവർത്തിച്ചുകൊണ്ടിരിക്കുന്നത്; ഇവയുടെ പേരുവിവരം വെളിപ്പെടുത്തുമോ;

(ബി) ഇവയ്ക്ക് മനുഷ്യാവകാശകമ്മീഷനുമായി എന്തെങ്കിലും തരത്തിൽ ബന്ധമുണ്ടോ;

(സി) പേരുകളിലുള്ള സാമ്യം മുതലാക്കി മനുഷ്യാവകാശ കമ്മീഷനുമായി ബന്ധമുണ്ടെന്ന് ജനങ്ങളെയും ഉദ്യോഗസ്ഥൻമാരെയും തെറ്റിദ്ധരിപ്പിച്ച് തട്ടിപ്പ് നടത്തുന്ന സംഘടനകളെക്കുറിച്ചുള്ള വിവരങ്ങൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ഇത്തരം സംഘടനകളെ നിരീക്ഷിക്കുന്നതിനും ഇവരുടെ വരുമാനസ്രോതസുകൾ പരിശോധിക്കുന്നതിനും നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 22.01.2014–ലെ മറുപടിക്ക്

<u>വിവരാവകാശ നിയമപ്രകാരം ശിക്ഷിക്കപ്പെട്ട ഉദ്യോഗസ്ഥർ</u>

1886 ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റ ശേഷം വിവരാവകാശ നിയമപ്രകാരം വിവരങ്ങൾ നൽകുന്നതിന് കാലതാമസം വരുത്തിയതിന് ഉദ്യോഗസ്ഥർക്കെതിരെ എത്ര കേസുകൾ രജിസ്റ്റർ ചെയ്തുവെന്ന് വ്യക്തമാക്കുമോ;

(ബി) ഇതിൽ എത്ര കേസുകൾ ശിക്ഷിക്കപ്പെട്ടിട്ടുണ്ടെന്ന് വിശദമാക്കാമോ;

(സി) ഒന്നിലധികം തവണ ഇത്തരത്തിൽ ശിക്ഷിക്കപ്പെട്ട ഉദ്യോഗസ്ഥർ ഉണ്ടോ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ഡി) വിവരാവകാശ പ്രകാരമുള്ള വിവരങ്ങൾ നൽകുന്നതിനും ഉദ്യോഗസ്ഥരിൽ അവബോധം സൃഷ്ടിക്കുന്നതിനുമായി ജീവനക്കാർക്ക് എപ്രകാരമുള്ള പരിശീലനങ്ങളാണ് നൽകുന്നതെന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 22.01.2014-ലെ മറുപടിക്ക്

<u>സേവനാവകാശ നിയമം</u>

1887 ശ്രീ. കെ. എൻ. എ. ഖാദർ
,, പി. ബി. അബ്ദുൾ റസാക്
,, എൻ. ഷംസുദ്ദീൻ
,, സി. മോയിൻകുട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സേവനാവകാശ നിയമം കാര്യക്ഷമമമായി നടപ്പാക്കാൻ സ്വീകരിച്ച നടപടി വിശദമാക്കുമോ; സേവനാവകാശ നിയമം നടപ്പിലാക്കുന്നതിന് എല്ലാ ചട്ടങ്ങളും രൂപീകരിച്ച് പ്രാബല്യത്തിലാക്കിയിട്ടുണ്ടോ ;

(ബി) പ്രസ്തുത നിയമപ്രകാരം ജനങ്ങൾക്ക് ലഭ്യമാക്കുന്ന സേവനങ്ങളും അതിനു നിശ്ചയിച്ചിട്ടുള്ള സമയ പരിധിയും സംബന്ധിച്ച് ഏതെല്ലാം വകുപ്പുകൾ അവകാശരേഖകൾ പുറപ്പെടുവിച്ചിട്ടുണ്ടെന്നതിന്റെ വിശദവിവരം ലഭ്യമാക്കാമോ ;

(സി) സംസ്ഥാന സെക്രട്ടേറിയറ്റിനെ നിയമത്തിന്റെ പരിധിയിൽ കൊണ്ടുവരാൻ ഉദ്ദേശിക്കുന്നുണ്ടോ ; ഇല്ലെങ്കിൽ അതിനുള്ള കാരണം വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 22.01.2014-ലെ മറുപടിക്ക്

<u>സേവനാവകാശനിയമം</u>

1888 ശ്രീ. കെ. എം. ഷാജി

താഴെ കാണുന്ന ചോദ്യത്തിന്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

സേവനാവകാശനിയമപ്രകാരം സമയബന്ധിതമായി വിവരങ്ങൾ നൽകാത്തതു സംബന്ധിച്ച അപ്പീലുകൾ തീർപ്പാക്കുന്നതു വേഗത്തിലാക്കാൻ നടപടി സ്വീകരിക്കുമോ?

## കേരള നിയമസഭ
## 22.01.2014–ലെ മറുപടിക്ക്

<u>സേവനാവകാശനിയമം</u>

1889 ശ്രീ. എം. ഹംസ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സർക്കാർ ഓഫീസുകളിൽ നിന്നും ജനങ്ങൾക്ക് ലഭിക്കേണ്ട സേവനങ്ങൾ കൃത്യസമയത്ത് നൽകാതിരുന്നതിന് ആർക്കെതിരെയെല്ലാമാണ് നടപടികൾ സ്വീകരിച്ചത്; എന്ത് നടപടിയാണ് സ്വീകരിച്ചത്; വിശദാംശം ലഭ്യമാക്കാമോ;

(ബി) സേവനാവകാശനിയമം നിലവിൽ നടപ്പിലാക്കാത്ത വകുപ്പുകളിൽ എന്ന് നടപ്പിലാക്കും എന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 22.01.2014–ലെ മറുപടിക്ക്

സേവനാവകാശ നിയമവുമായി ബന്ധപ്പെട്ട്
പൊതുജനങ്ങളിൽ നിന്ന് ലഭിച്ച പരാതികൾ

1890 ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻനായർ

താഴെ കാണുന്ന ചോദ്യത്തിന്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

സേവനാവകാശ നിയമവുമായി ബന്ധപ്പെട്ട് പൊതുജനങ്ങളിൽ നിന്നും നാളിതുവരെ എത്ര പരാതികൾ ലഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 22.01.2014-ലെ മറുപടിക്ക്

<u>സേവനാവകാശ നിയമ പ്രകാരം ലഭിച്ച തുക</u>

1891 ശ്രീ. മുല്ലക്കര രത്നാകരൻ

താഴെ കാണുന്ന ചോദ്യത്തിന്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

സേവനാവകാശ നിയമം ബാധകമാക്കിയ വകുപ്പുകളിൽ നിയമം പാലിക്കാത്ത ഉദ്യോഗസ്ഥരുടെ മേൽ ചുമത്തിയ പരാതിയുടെ അടിസ്ഥാനത്തിൽ എന്ത് തുക ലഭ്യമായിട്ടുണ്ട്; ആകെ എത്ര പരാതികൾ ഉണ്ടായിട്ടുണ്ട്?

# കേരള നിയമസഭ
## 22.01.2014-ലെ മറുപടിക്ക്

<u>പുതിയ ഉത്തരവുകൾ</u>

1892 ശ്രീ. മുല്ലക്കര രത്നാകരൻ

താഴെ കാണുന്ന ചോദ്യത്തിന്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

2013 ലെ ജനസമ്പർക്ക പരിപാടിക്കു ശേഷം ഇതിന്റെ അടിസ്ഥാനത്തിൽ ഏതെങ്കിലും പുതിയ ഉത്തരവുകൾ സർക്കാർ പുറത്തിറക്കിയിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

# കേരള നിയമസഭ
## 22.01.2014-ലെ മറുപടിക്ക്

<u>ജനസമ്പർക്ക പരിപാടികളെക്കുറിച്ചുള്ള വിശദാംശങ്ങൾ</u>

1893 ശ്രീ. രാജു എബ്രഹാം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മുഖ്യമന്ത്രിയുടെ ജനസമ്പർക്കപരിപാടിയുമായി ബന്ധപ്പെട്ട് ഓരോ ജില്ലയിൽനിന്നും എത്രവീതം പരാതികളാണ് വിവിധ ആവശ്യങ്ങളുമായി ബന്ധപ്പെട്ട് ലഭിച്ചിട്ടുള്ളതെന്ന് ഇനംതിരിച്ച്, ജില്ലതിരിച്ച് വ്യക്തമാക്കാമോ; ഇതിൽ പരിഹരിക്കപ്പെട്ടവ എത്രയാണ്; ചികിത്സയ്ക്ക് ഉൾപ്പെടെ ധനസഹായമായി ഓരോ ജില്ലയിലും എത്ര വീതം തുകയാണ് നൽകിയിട്ടുള്ളതെന്ന് ഇനംതിരിച്ച് വിശദമാക്കാമോ;

(ബി) ജനസമ്പർക്കപരിപാടിയുടെ നടത്തിപ്പിന് ഓരോ ജില്ലയിലും ചെലവാക്കിയ തുക എത്രയെന്ന് ഇനംതിരിച്ച് വ്യക്തമാക്കാമോ;

(സി) ഇതിനുമുമ്പ് നടത്തിയ ജനസമ്പർക്കപരിപാടിയിൽ വിതരണം ചെയ്ത തുക എത്രവീതമെന്നും, ജനസമ്പർക്കപരിപാടിയുടെ നടത്തിപ്പിന് ചെലവായ തുക എത്രയെന്നും, ഇനംതിരിച്ച്, ജില്ലാടിസ്ഥാനത്തിൽ വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 22.01.2014–ലെ മറുപടിക്ക്

ജനസമ്പർക്ക പരിപാടികളെക്കുറിച്ചുള്ള പരാതികൾ

1894 ശ്രീ. എ. കെ. ബാലൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മുഖ്യമന്ത്രിയുടെ ഒന്നും രണ്ടും ഘട്ട ജനസമ്പർക്ക പരിപാടിയെക്കുറിച്ചോ ആനുകൂല്യങ്ങൾ തട്ടിയെടുക്കുന്നതിനെക്കുറിച്ചോ പരാതി ലഭിച്ചിട്ടുണ്ടോ; എങ്കിൽ ലഭിച്ച പരാതികളുടെ എണ്ണം ജില്ല തിരിച്ച് ലഭ്യമാക്കുമോ;

(ബി) ഏതെല്ലാം തരത്തിലുള്ള പരാതികളാണ് ലഭിച്ചതെന്ന് വിശദമാക്കുമോ;

(സി) ആശുപത്രികളും ആംബുലൻസുകാരും ചേർന്ന് ചികിത്സാ ധനസഹായത്തിന്റെ പേരിൽ പണം തട്ടുന്നതായി പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതിനെതിരെ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചതെന്ന് വിശദമാക്കുമോ;

(ഡി) ഒന്നും രണ്ടും ഘട്ട ജനസമ്പർക്ക പരിപാടിയിൽ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നുള്ള ധനസഹായത്തിനായി എത്ര അപേക്ഷകളാണ് ലഭിച്ചത്; എത്ര പേർക്കാണ് ധനസഹായം അനുവദിച്ചത്; എന്തു തുക അനുവദിച്ചു; ജില്ല തിരിച്ചുള്ള കണക്ക് വ്യക്തമാക്കുമോ;

(ഇ) മുമ്പ് നൽകിയ അപേക്ഷകളിന്മേൽ പരിശോധനകൾക്ക് ശേഷം ഒന്നും രണ്ടും ജനസമ്പർക്ക വേദിയിൽ വച്ച് ദുരിതാശ്വാസ നിധിയിൽ നിന്നുള്ള ധനസഹായം ചെക്കായി എത്ര പേർക്ക് നൽകി; ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ;

(എഫ്) ഒന്നും രണ്ടും ഘട്ട ജനസമ്പർക്ക പരിപാടി ദിവസം വേദിയിൽ ലഭിച്ച അപേക്ഷ പരിഗണിച്ച് ദുരിതാശ്വാസ നിധിയിൽ നിന്നുള്ള ധനസഹായം അനുവദിക്കുകയും ആയത് ചെക്കായി അന്നുതന്നെ എത്ര പേർക്ക് നൽകുകയും ചെയ്തിട്ടുണ്ടെന്ന് ജില്ല തിരിച്ച് വിശദമാക്കുമോ?

# കേരള നിയമസഭ
## 22.01.2014-ലെ മറുപടിക്ക്

<u>ജനസമ്പര്‍ക്ക പരിപാടി</u>

1895 ശ്രീ. ആര്‍. രാജേഷ്

താഴെ കാണുന്നചോദ്യത്തിന്
**മുഖ്യമന്ത്രി**
സദയം മറുപടി നല്‍കുമോ:

ജനസമ്പര്‍ക്ക പരിപാടിയില്‍ സര്‍ക്കാരിലെ ഏതെല്ലാം വകുപ്പുകള്‍ക്കാണ് ഇതില്‍ പങ്കാളിത്തമുള്ളത് ; വിശദമാക്കുമോ?

# കേരള നിയമസഭ
## 22.01.2014-ലെ മറുപടിക്ക്

<u>കാസർഗോഡ് ജില്ലയിലെ ജനസമ്പർക്ക പരിപാടി</u>

1896 ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ)

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മുഖ്യമന്ത്രി നടത്തിയ ബഹുജനസമ്പർക്കപരിപാടിയിൽ കാസർഗോഡ് ജില്ലയിൽ ആകെ ലഭിച്ച അപേക്ഷകൾ എത്രയാണെന്ന് വിശദമാക്കാമോ;

(ബി) ഇതിൽ എത്ര അപേക്ഷകളിൽ തീർപ്പ് കൽപ്പിച്ചിട്ടുണ്ട്; വകുപ്പ് തിരിച്ചുള്ള കണക്ക് വിശദമാക്കാമോ;

(സി) പ്രസ്തുത പരിപാടിക്ക് ഖജനാവിൽനിന്ന് പന്തൽ, ഭക്ഷണം, ജീവനക്കാരുടെ യാത്രാബത്ത എന്നീ ഇനങ്ങളിൽ എത്ര തുക ചെലവായിട്ടുണ്ടെന്ന് ഇനം തിരിച്ച് വിശദമാക്കാമോ?

# കേരള നിയമസഭ
## 22.01.2014–ലെ മറുപടിക്ക്

<u>എം.എൽ.എ മാർക്ക് സർക്കാർ ഉത്തരവുകൾ ലഭ്യമാക്കാൻ നടപടി</u>

1897 ശ്രീ. ജോസ് തെറ്റയിൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വികസനപ്രവർത്തനങ്ങളെ സംബന്ധിച്ചും നിയോജക മണ്ഡലത്തിലെ വികസനത്തെ സംബന്ധിച്ചുമുള്ള സർക്കാർ ഉത്തരവുകൾ എം.എൽ.എ മാർക്ക് ലഭ്യമാകാത്തത് പരിഹരിക്കുവാൻ നടപടി സ്വീകരിക്കുമോ;

(ബി) സെക്രട്ടേറിയറ്റ് ഉൾപ്പെടെയുള്ള ഓഫീസുകളിൽ ഇ–മെയിൽ അടക്കമുള്ള സംവിധാനങ്ങൾ ഉണ്ടായിട്ടും ഇത്തരം ഉത്തരവുകൾ ലഭ്യമാക്കുവാൻ കഴിയാത്തതിനു കാരണം വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 22.01.2014-ലെ മറുപടിക്ക്

<u>പേഴ്സണൽ സ്റ്റാഫംഗങ്ങളുടെ പി.എഫ്. പെൻഷൻ വിഹിതം</u>

1898 ശ്രീ.എൻ. ഷംസുദ്ദീൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വിവിധ ബോർഡ്, കോർപ്പറേഷൻ എന്നിവിടങ്ങളിൽ നിന്ന് ജീവനക്കാരെ കാലാകാലങ്ങളിൽ വരുന്ന മന്ത്രിമാരുടെയും പ്രതിപക്ഷ നേതാവിന്റെയും പേഴ്സണൽ സ്റ്റാഫിൽ നിയോഗിക്കാറുണ്ടോ;

(ബി) എങ്കിൽ ഇവരുടെ സേവനം സ്വീകരിക്കുകയും ഇവർക്ക് പ്രതിമാസം പി.എഫ്, പെൻഷൻ വിഹിതം എന്നിവ മാതൃസ്ഥാപനത്തിലേക്ക് ഡി.ഡി. അയയ്ക്കുന്നതിനുള്ള ചെലവ് ഇവരുടെ ശമ്പളത്തിൽ നിന്നും ഈടാക്കുന്ന രീതി താഴ്ന്ന ജീവനക്കാർക്ക് ബുദ്ധിമുട്ടാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ ഇത് ന്യായമായും സർക്കാർ തന്നെ വഹിക്കുന്നതിന് സത്വര നിർദ്ദേശം നൽകാമോ?

# കേരള നിയമസഭ
## 22.01.2014-ലെ മറുപടിക്ക്

<u>പുറം കരാർ നിയമനം</u>

1899 ശ്രീ. കെ. രാധാകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ചെലവ് ചുരുക്കലിനെക്കുറിച്ച് പഠനം നടത്തുവാൻ ചീഫ് സെക്രട്ടറി ചെയർമാനായി സമിതിയെ നിയോഗിച്ചിട്ടുണ്ടോ ;

(ബി) സമിതി വിവിധ സർക്കാർവകുപ്പിലെ അധിക തസ്തികകളെ സംബന്ധിച്ച് പഠനം നടത്തി റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ ;

(സി) എങ്കിൽ ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(ഡി) പ്രസ്തുത റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സർക്കാർ ആഫീസുകളിലെ താൽക്കാലിക നിയമനത്തിന് ടെൻണ്ടർ നടപടികളിലൂടെ സ്വകാര്യ ഏജൻസികളെ നിയോഗിച്ച് പുറം കരാർ നിയമനം നടത്തണമെന്ന് സർക്കാർ സർക്കുലർ ഇറക്കിയിട്ടുണ്ടോ ;

(ഇ) എങ്കിൽ അതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(എഫ്) സർക്കാർ ആഫീസുകളിലെ ഒഴിവുകൾ നികത്തുന്നതിന് വ്യവസ്ഥാപിതമായി പബ്ലിക് സർവ്വീസ് കമ്മീഷനും, എംപ്ലോയ്മെന്റ് എക്സ്ചെയ്ഞ്ചുകളും നിലവിലുള്ളപ്പോൾ ഇപ്രകാരം പുറം കരാർ നിയമനത്തിനുള്ള നിർദ്ദേശം നിയമവിരുദ്ധമാണെന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ജി) ലക്ഷക്കണക്കിന് തൊഴിൽരഹിതർ നിലവിലുള്ള സാഹചര്യത്തിൽ പുറം കരാർ നിയമനമാർഗ്ഗങ്ങൾ ഉപേക്ഷിക്കുവാൻ നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 22.01.2014-ലെ മറുപടിക്ക്

<u>സൂപ്പർന്യൂമററി തസ്തിക സൃഷ്ടിക്കാൻ നടപടി</u>

1900 ശ്രീ. കെ. രാജു

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പെൻഷൻ പ്രായം 56 ആയി ഉയർത്തിയ സാഹചര്യത്തിൽ വിവിധ റാങ്ക്ലിസ്റ്റുകളിലുള്ളവരുടെ അവസരങ്ങൾ നഷ്ടപ്പെടാതിരിക്കാൻ നാളിതുവരെ എന്തൊക്കെ നടപടികൾ സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ;

(ബി) പെൻഷൻ പ്രായ വർദ്ധനവിനുശേഷം നാളിതുവരെ എത്രപേർക്ക് പി.എസ്.സി നിയമനം നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) നാളിതുവരെ സൂപ്പർ ന്യൂമററി തസ്തിക സൃഷ്ടിക്കാത്ത ഒഴിവുകൾ ഉണ്ടോ; എങ്കിൽ അടിയന്തിരമായി സൂപ്പർ ന്യൂമററി തസ്തിക സൃഷ്ടിച്ച് പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്യുവാൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 22.01.2014-ലെ മറുപടിക്ക്

<u>ആശ്രിത നിയമത്തിനുള്ള സൂപ്പർന്യൂമററി തസ്തികകൾ</u>

1901 ശ്രീ. പി. ഉബൈദുള്ള

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർവ്വീസിൽ ആശ്രിത നിയമനത്തിനായി സൂപ്പർ ന്യൂമററി തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ടോ ; എങ്കിൽ വിശദാംശം നൽകുമോ;

(ബി) സൂപ്പർ ന്യൂമററി തസ്തികയിൽ നിയമിച്ചവർ ഉണ്ടായിരിക്കെ പുതുതായി വിവിധ വകുപ്പുകളിൽ ഉണ്ടായ ഒഴിവുകൾ പി.എസ്.സി. വഴി നികത്തുന്നതിന് തടസ്സമുണ്ടോ ;

(സി) ജി. ഒ. (എം.എസ്.) നമ്പർ 249/13 തീയതി 2-9-2013 പ്രകാരം ആശ്രിതനിയമനത്തിനായി സൃഷ്ടിച്ച സൂപ്പർ ന്യൂമററി തസ്തികകളിലെ നിയമനങ്ങൾ ക്രമീകരിച്ചിട്ടുണ്ടോ ;

(ഡി) ആശ്രിത നിയമനത്തിനായി ഉത്തരവ് ലഭിച്ചവർക്ക് നിയമനം നൽകുന്നതിനായി ഇനിയും സൂപ്പർ ന്യൂമററി തസ്തിക സൃഷ്ടിക്കുന്ന കാര്യം പരിഗണിക്കുമോ ; എങ്കിൽ വിശദാംശം നൽകുമോ ?

# കേരള നിയമസഭ
## 22.01.2014–ലെ മറുപടിക്ക്

<u>സർക്കാർ ജോലിയിൽ സ്ത്രീസംവരണം</u>

1902 ശ്രീമതി കെ. കെ. ലതിക

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സർക്കാർ ജീവനക്കാരും, അദ്ധ്യാപകരും ഉൾപ്പെടെ മൊത്തം സംസ്ഥാന സർക്കാർ ജീവനക്കാർ എത്രയാണെന്ന് വ്യക്തമാക്കുമോ ;

(ബി) ഇവരിൽ എത്ര പേർ സ്ത്രീകളാണെന്നും ആകെ ജീവനക്കാരുടെ എത്ര ശതമാനം വരുമെന്നും വ്യക്തമാക്കുമോ ;

(സി) സർക്കാർ സർവ്വീസിൽ സ്ത്രീകൾക്ക് 50 ശതമാനം സംവരണം ഉറപ്പുവരുത്തുന്നതിന് വ്യവസ്ഥ ചെയ്യുവാൻ ഉദ്ദേശിക്കുന്നുണ്ടോ ; വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

# കേരള നിയമസഭ
## 22.01.2014-ലെ മറുപടിക്ക്

വികലാംഗ നിയമനം

1903 ശ്രീ. പി. കെ. ബഷീർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 1999 മുതൽ 2003 വരെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി സേവനം ചെയ്ത എത്ര വികലാംഗരെ സ്ഥിരപ്പെടുത്തിയിട്ടുണ്ട്; ഇതിൽ കരാർ നിയമനം ലഭിച്ച എത്ര വികലാംഗർ ഉൾപ്പെട്ടിട്ടുണ്ട്; വിശദമാക്കുമോ;

(ബി) 1995 മുതൽ സേവനത്തിലിരുന്നവരും, വികലാംഗ വർഷത്തിലും ഇപ്പോഴത്തെ ഉത്തരവ് മുഖേനയും സ്ഥിര ജോലി ലഭിക്കാത്തതുമായ എത്ര വികലാംഗരുണ്ട്; ഇവരെക്കൂടി മാനുഷിക പരിഗണന നൽകി സ്ഥിരപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 22.01.2014-ലെ മറുപടിക്ക്

വികലാംഗ ഉദ്യോഗാർത്ഥികളെ സ്ഥിരപ്പെടുത്തുന്നത് സംബന്ധിച്ച്

1904 ശ്രീ. ബി. ഡി. ദേവസ്സി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) എംപ്ലോയ്മെന്റ് എക്സ്ചേഞ്ചു വഴി 1999 ആഗസ്റ്റ് മുതൽ 2001 ഡിസംബർ വരെ താൽക്കാലിക നിയമനം ലഭിച്ച, 179 ദിവസം പൂർത്തിയാക്കിയ വികലാംഗ ഉദ്യോഗാർത്ഥികളെ സ്ഥിരപ്പെടുത്തുന്നതിനായി നടപടി സ്വീകരിച്ചിട്ടുണ്ടോ; എത്ര പേർക്ക് ഇത്തരത്തിൽ നിയമനം ലഭിയ്ക്കും എന്ന് വിശദമാക്കാമോ;

(ബി) 179-ാം ദിവസം അവധി ദിവസമായതുകൊണ്ട് 178-ാം ദിവസം ജോലിയിൽ നിന്നും വിടുതൽ ചെയ്തവരേയും, 179 ദിവസം എന്ന് സർട്ടിഫിക്കറ്റ് ലഭിച്ചിട്ടും പുനഃപരിശോധനയിൽ 178, 177 ദിവസങ്ങൾ മാത്രം പൂർത്തിയാക്കിയവരായി പുനർ നിർണ്ണയിക്കപ്പെട്ടവരേയും സ്ഥിരപ്പെടുത്തുന്നതിനായി നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

# കേരള നിയമസഭ
# 22.01.2014-ലെ മറുപടിക്ക്

<u>അംഗപരിമിതർക്ക് പുനർനിയമനം നൽകാൻ നടപടി</u>

1905 ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സർക്കാരിന്റെ നയപരമായ തീരുമാനപ്രകാരം മന്ത്രിസഭയുടെ അംഗീകാരത്തോടെ അംഗപരിമിതർക്ക് 16.8.99 മുതൽ 31.12.13 വരെ കാലയളവിൽ 179 ദിവസം താല്കാലികമായി ജോലി ചെയ്തിരുന്ന വസ്തുത കണക്കിലെടുത്ത് സൂപ്പർ ന്യൂമററി തസ്തിക സൃഷ്ടിച്ച് പുനർനിയമനം നൽകുന്നതിന് 18.5.13, 7.8.13 എന്നീ തീയതികളിലെ ഉത്തരവുകൾ ഉണ്ടായിട്ടും കേരളാ ചുമട്ട് തൊഴിലാളി ക്ഷേമനിധി ബോർഡിൽ ഇതുവരെ അംഗപരിമിതർക്ക് പുനർനിയമനം നല്കി ഉത്തരവ് നല്കാത്തതുമൂലം മാസങ്ങളോളം ശമ്പളം നിഷേധിക്കപ്പെടുന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇതിനുള്ള കാരണം വിശദമാക്കുമോ;

(സി) പ്രസ്തുത ബോർഡിൽ ഇപ്പോൾ നിലവിൽ ക്ലാസ് ഫോർ, ക്ലാസ് ത്രീ, ക്ലാസ് ടു എന്നീ തസ്തികകളിൽ ദിവസവേതന അടിസ്ഥാനത്തിലും കോൺട്രാക്ട് വ്യവസ്ഥയിലും ഡെപ്യൂട്ടേഷൻ വ്യവസ്ഥയിലും ജോലി ചെയ്തുവരുന്നവരുടെ പേരു വിവരവും നിയമനരീതിയും തസ്തികയും വിശദമാക്കുമോ;

(ഡി) പ്രസ്തുത സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ അംഗപരിമിതർക്ക് അടിയന്തിരമായി നിയമന ഉത്തരവ് നല്കി, ഉത്തരവ് നടപ്പിലാക്കുന്നത് സംബന്ധിച്ച് തൊഴിലും പുനരധിവാസവും അഡീഷണൽ ചീഫ് സെക്രട്ടറി, കേരളാ ചുമട്ട് തൊഴിലാളി ക്ഷേമനിധി ബോർഡിന് പ്രത്യേക നിർദ്ദേശം നല്കിയിരുന്നോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ;

**കേരള നിയമസഭ**
**22.01.2014-ലെ മറുപടിക്ക്**

(ഇ) പ്രസ്തുത കർശന നിർദ്ദേശം നല്കിയിട്ടും ബന്ധപ്പെട്ട ഉത്തരവിന്റെ വിശദാംശങ്ങൾ ബോർഡിന്റെ ശ്രദ്ധയിൽപ്പെടുത്തി അനുകൂല തീരുമാനം സ്വീകരിച്ച് പ്രസ്തുത ഉത്തരവ് നടപ്പിലാക്കുന്നതിൽ ഔദ്യോഗിക കൃത്യനിർവ്വഹണത്തിൽ വീഴ്ച വരുത്തിയ ബോർഡിലെ ജീവനക്കാർക്ക് എതിരെ നടപടി സ്വീകരിക്കുമോ;

(എഫ്) 7.8.13 ലെ ഉത്തരവിൻ പ്രകാരമുള്ള അംഗപരിമിതർക്ക് കേരളാ ചുമട്ട് തൊഴിലാളി ക്ഷേമനിധി ബോർഡിൽ പുനർനിയമനം ലഭിക്കുന്നതിന് വേണ്ടിയുള്ള പരാതി സർക്കാരിന് ലഭിച്ചിട്ടുണ്ടോ; എങ്കിൽ ഈ കാര്യത്തിൽ സ്വീകരിച്ച നടപടി വ്യക്തമാക്കുമോ;

(ജി) പ്രസ്തുത അംഗപരിമിതർക്ക് അടിയന്തിരമായി പുനർനിയമന ഉത്തരവ് നല്കുന്നതിന് കേരളാ ചുമട്ട് തൊഴിലാളി ക്ഷേമനിധി ബോർഡിന് കർശന നിർദ്ദേശം നല്കുമോ; വിശദമാക്കാമോ?

# കേരള നിയമസഭ
## 22.01.2014–ലെ മറുപടിക്ക്

<u>പുതിയ തസ്തികകൾ</u>

1906 ശ്രീ. റ്റി. എ. അഹമ്മദ് കബീർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലത്ത് വിവിധ വകുപ്പുകളിലായി എത്ര തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ടെന്നും, അവ ഏതെല്ലാം വകുപ്പുകളിലാണെന്നും വ്യക്തമാക്കുമോ;

(ബി) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് വിവിധ വകുപ്പുകളിലായി എത്ര പുതിയ തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ടെന്നും, അവ ഏതെല്ലാമെന്നും വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 22.01.2014-ലെ മറുപടിക്ക്

<u>പുതിയതായി സൃഷ്ടിക്കപ്പെട്ട തസ്തികകൾ</u>

1907 ശ്രീ. രാജു എബ്രഹാം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാരിന്റെ കീഴിലുള്ള വിവിധ വകുപ്പുകളിൽ പുതിയതായി എത്ര വീതം തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്; പ്രസ്തുത തസ്തികകളുടെ പേരും, വകുപ്പും സഹിതം വ്യക്തമാക്കാമോ;

(ബി) ഏതെങ്കിലും പൊതുമേഖലാ സ്ഥാപനങ്ങളുടെയോ, സ്വയംഭരണ സ്ഥാപനങ്ങളുടെയോ ജീവനക്കാരുടെ നിയമനം പി. എസ്. സി. യ്ക്ക് വിട്ടിട്ടുണ്ടോ; എങ്കിൽ ഏതൊക്കെയാണെന്ന് വ്യക്തമാക്കാമോ; നിയമനം പി. എസ്. സി. ക്ക് വിട്ട സ്ഥാപനങ്ങളിൽ പി. എസ്. സി. വഴി നിയമനം നടത്തിയിട്ടുണ്ടോ; എങ്കിൽ ഏതൊക്കെ സ്ഥാപനങ്ങളിൽ; ഏതൊക്കെ തസ്തികകളിൽ; എത്ര പേർക്ക് നിയമനം നൽകിയിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 22.01.2014–ലെ മറുപടിക്ക്

<u>വെട്ടിക്കുറച്ച തസ്തികകൾ</u>

1908 ശ്രീ. കെ. വി. വിജയദാസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എത്ര തസ്തികകൾ വെട്ടിക്കുറച്ചുവെന്നുള്ള വിവരം ലഭ്യമാക്കുമോ;

(ബി) ഏതെല്ലാം വകുപ്പുകളിലുള്ള ഏതെല്ലാം തസ്തികകളാണു വെട്ടിക്കുറച്ചത്; വിശദമാക്കുമോ;

(സി) എന്തടിസ്ഥാനത്തിലാണ് ഇത്തരം നടപടികൾ സ്വീകരിച്ചതെന്നുള്ളതിന്റെ വിശദവിവരം ലഭ്യമാക്കുമോ;

(ഡി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എത്ര തസ്തികകൾക്കാണ് തുടർച്ചാനുമതി നിഷേധിച്ചിട്ടുള്ളത്; വിശദാംശങ്ങൾ നൽകുമോ; ബന്ധപ്പെട്ട ഉത്തരവുകളുടെ പകർപ്പുകൾ ലഭ്യമാക്കുമോ?

**കേരള നിയമസഭ**
**22.01.2014–ലെ മറുപടിക്ക്**

<u>റദ്ദ് ചെയ്ത തസ്തികകൾ</u>

1909 ശ്രീ.റ്റി. എ. അഹമ്മദ് കബീർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലത്ത് വിവിധ വകുപ്പുകളിലായി എത്ര തസ്തികകൾ റദ്ദ് ചെയ്തിട്ടുണ്ടെന്നും അവ ഏതെല്ലാമെന്നും വ്യക്തമാക്കാമോ;

(ബി) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് വിവിധ വകുപ്പുകളിലായി എത്ര തസ്തികകൾ റദ്ദ് ചെയ്തിട്ടുണ്ടെന്നും അവ ഏതെല്ലാമെന്നും വിശദമാക്കാമോ?

# കേരള നിയമസഭ
## 22.01.2014-ലെ മറുപടിക്ക്

### ദേശീയ ദിനാഘോഷങ്ങളിൽ ജില്ലാ കളക്ടർമാരുടെ വസ്ത്രധാരണം

1910 ശ്രീ. എൻ. എ. നെല്ലിക്കുന്ന്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സ്വാതന്ത്ര്യദിനം, റിപ്പബ്ലിക്ദിനം എന്നീ ദേശീയ ദിനാഘോഷങ്ങളിൽ ജില്ലാ കളക്ടർമാർ സ്യൂട്ടു ധരിച്ച് പങ്കെടുക്കണമെന്ന് നിഷ്കർഷിച്ചിട്ടുണ്ടോ; എങ്കിൽ അതു സംബന്ധിച്ച് ഉത്തരവു നിലവിലുണ്ടോ; എങ്കിൽ അതിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(ബി) ഭാരതം സ്വതന്ത്ര രാഷ്ട്രമായതിനാൽ പാശ്ചാത്യവേഷം നിർബന്ധമാക്കിയിട്ടുണ്ടെങ്കിൽ അതു റദ്ദുചെയ്യാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 22.01.2014–ലെ മറുപടിക്ക്

<u>അന്യസംസ്ഥാനങ്ങളിൽ റാഗിംഗിനു വിധേയരാകുന്ന വിദ്യാർത്ഥികൾക്കു സഹായം</u>

1911 ശ്രീ. ജെയിംസ് മാത്യു

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അന്യസംസ്ഥാനങ്ങളിൽ ഉപരിപഠനത്തിനു പോകുന്ന മലയാളി വിദ്യാർത്ഥികൾ ക്രൂരമായ റാഗിംഗിനു വിധേയരാകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇതുമായി ബന്ധപ്പെട്ട് മലയാളി വിദ്യാർത്ഥികൾക്കു ജീവഹാനി സംഭവിച്ചതു ഗൗരവമായി കണക്കിലെടുത്ത് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ;

(സി) റാഗിംഗിനിരകളായി മരണപ്പെട്ടവരുടെ കുടുംബത്തിനു നിയമസഹായമോ, മറ്റു സാമ്പത്തികസഹായമോ നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ, ആയതു നൽകാനുദ്ദേശിക്കുന്നുണ്ടോ;

(ഡി) ഇത്തരത്തിൽ ക്രൂരമായ റാഗിംഗ് അന്യസംസ്ഥാനങ്ങളിൽ നടക്കുന്നത് ആവർത്തിക്കാതിരിക്കാൻ സർക്കാരുകൾ തമ്മിൽ എന്തെങ്കിലും ആശയവിനിമയം നടത്തിയിട്ടുണ്ടോ?

## കേരള നിയമസഭ
## 22.01.2014-ലെ മറുപടിക്ക്

<u>ഗ്രാമന്യായാലയങ്ങൾ</u>

1912 ശ്രീ. പി. റ്റി. എ. റഹീം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ബ്ലോക്ക് പഞ്ചായത്ത് അടിസ്ഥാനത്തിൽ ഗ്രാമന്യായാലയങ്ങൾ സ്ഥാപിക്കുന്നത് സംബന്ധിച്ച് നടപടികൾ വിശദമാക്കാമോ ;

(ബി) കോഴിക്കോട് ജില്ലയിൽ ഗ്രാമന്യായാലയങ്ങൾ സ്ഥാപിക്കുന്നതിന് തീരുമാനിച്ച സ്ഥലങ്ങൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കാമോ ;

(സി) ഇവയിൽ പ്രവർത്തനം ആരംഭിച്ചവയുണ്ടോ ; വിശദമാക്കാമോ ;

(ഡി) ഇവ ബ്ലോക്ക് ആസ്ഥാനങ്ങളിലാണോ സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ ;

(ഇ) നിലവിൽ ഒരു കോടതിയും ഇല്ലാത്ത സ്ഥലങ്ങളിൽ ഈ കോടതി സ്ഥാപിക്കുന്നതിന് മുൻഗണന നൽകുമോ ?

# കേരള നിയമസഭ
## 22.01.2014–ലെ മറുപടിക്ക്

<u>ഇ–കോടതികള്‍</u>

T.1913 ശ്രീ. രാജു എബ്രഹാം

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) വിവിധ കോടതികളില്‍ തീര്‍പ്പാകുവാനുള്ള കേസുകളുടെ എണ്ണം 5 വര്‍ഷം വരെ, 5 മുതല്‍ 10 വര്‍ഷം, 10 മുതല്‍ 15 വര്‍ഷം, 15 വര്‍ഷത്തിനുമുകളില്‍ എന്നിങ്ങനെ തിരിച്ച് വിവിധ കോടതികളുടെ പേരുസഹിതം ലഭ്യമാക്കാമോ;

(ബി) ഇ–കോടതികള്‍ സ്ഥാപിക്കുന്നതിന് സംസ്ഥാനസര്‍ക്കാരിന് കേന്ദ്രസര്‍ക്കാരില്‍നിന്നും സഹായം ലഭിക്കുന്നുണ്ടോ; എന്നുമുതല്‍ ഈ സഹായം ലഭിക്കുന്നുണ്ട്; ഓരോ വര്‍ഷവും എന്തു തുക വീതമാണ് അനുവദിക്കുന്നത്; ഈ തുക ഉപയോഗിച്ച് നാളിതുവരെ എത്ര കോടതികളില്‍ ഇ–കോടതി സംവിധാനങ്ങള്‍ ഒരുക്കിയിട്ടുണ്ട്; ഇ–കോടതിക്കായി എന്തൊക്കെ സംവിധാനങ്ങളാണ് കോടതികളില്‍ ചെയ്യേണ്ടിവരുന്നത്; എല്ലാ കോടതികളിലും ഈ സംവിധാനം ഏര്‍പ്പെടുത്താന്‍ കഴിയാത്തതിന്റെ കാരണം വിശദമാക്കാമോ;

(സി) ഇപ്രകാരം ലഭിക്കുന്ന തുകയില്‍ നാളിതുവരെ ചെലവാക്കാന്‍ കഴിയാതിരുന്നതുമൂലം നഷ്ടപ്പെട്ട തുക എത്രയെന്ന് വ്യക്തമാക്കാമോ;

(ഡി) ഇ–കോടതി സംവിധാനം ഏര്‍പ്പെടുത്തുന്നതിന് ഏത് ഏജന്‍സിയെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളത്;

(ഇ) ഇ–കോടതി സംവിധാനം പൂര്‍ണ്ണമായി നടപ്പാക്കുന്നതിന് എന്തൊക്കെ നടപടികള്‍ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത് എന്ന് വിശദമാക്കാമോ?

# കേരള നിയമസഭ
## 22.01.2014-ലെ മറുപടിക്ക്

<u>മോട്ടോർ ആക്സിഡന്റ്സ് ക്ലെയിംസ് ട്രിബ്യൂണൽ</u>

1914 ശ്രീ. എൻ. എ. നെല്ലിക്കുന്ന്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഏതെല്ലാം ജില്ലകളിൽ മോട്ടോർ ആക്സിഡന്റ്സ് ക്ലെയിംസ് ട്രിബ്യൂണൽ (എം.എ.സി.റ്റി.) പ്രവർത്തിക്കുന്നുണ്ട്;

(ബി) എം.എ.സി.റ്റി. പ്രവർത്തിക്കാത്ത ജില്ല ഉണ്ടോ; ഉണ്ടെങ്കിൽ അതിന്റെ കാരണം; പ്രസ്തുത ജില്ലയിൽ എം.എ.സി.ടി. എപ്പോൾ പ്രവർത്തനമാരംഭിക്കും;

(സി) കേരള ആഭ്യന്തര വകുപ്പിന്റെ ജി.ഒ (ആർ.റ്റി)1919/2009 തീയതി 06.07.2009 ഉത്തരവ് പ്രകാരം പുതിയ കോടതികൾ സ്ഥാപിക്കാനുള്ള മുൻഗണന പട്ടിക പ്രസിദ്ധീകരിച്ചിരുന്നുവോ; എങ്കിൽ പ്രസ്തുത പട്ടികയിൽ ഒന്നാം സ്ഥാനത്തേക്കു പരിഗണിച്ചിരുന്നത് ഏത് ജില്ലയെയാണ് എന്ന് അറിയിക്കുമോ?

# കേരള നിയമസഭ
## 22.01.2014–ലെ മറുപടിക്ക്

<u>തിരുവനന്തപുരത്ത് ഹൈക്കോടതി ബഞ്ച്</u>

T.1915 ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരത്ത് ഹൈക്കോടതി ബഞ്ച് സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട സർക്കാർ നയം വിശദമാക്കാമോ;

(ബി) ഇതിന്റെ പ്രവർത്തനങ്ങൾ ഏതു ഘട്ടത്തിലാണെന്ന് അറിയിക്കാമോ?

# കേരള നിയമസഭ
## 22.01.2014-ലെ മറുപടിക്ക്

<u>ചാലക്കുടിയിൽ കോടതി സമുച്ചയം</u>

1916 ശ്രീ. ബി. ഡി. ദേവസ്സി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ചാലക്കുടിയിൽ കോടതി സമുച്ചയം, മോട്ടോർ ആക്സിഡന്റ്സ് ക്ലെയിം ട്രൈബ്യൂണൽ (എം.എ.സി.റ്റി.), സബ് കോടതി എന്നിവ അനുവദിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) ഇല്ലെങ്കിൽ ഇതിനായി നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 22.01.2014–ലെ മറുപടിക്ക്

<u>ആറ്റിങ്ങലിൽ അഡീഷണൽ ഫസ്റ്റ് ക്ലാസ്സ് ജുഡീഷ്യൽ മജിസ്ട്രേറ്റ് കോടതി</u>

T.1917 ശ്രീ.ബി.സത്യൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ആറ്റിങ്ങലിൽ അഡീഷണൽ ഫസ്റ്റ് ക്ലാസ്സ് ജുഡീഷ്യൽ മജിസ്ട്രേറ്റ് കോടതി എന്നു മുതൽ പ്രവർത്തനം ആരംഭിക്കുമെന്ന് വ്യക്തമാക്കുമോ;

(ബി) ഇത് സംബന്ധിച്ച നടപടിക്രമങ്ങൾ ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ?

# കേരള നിയമസഭ
## 22.01.2014-ലെ മറുപടിക്ക്

നരേന്ദ്രൻ കമ്മീഷൻ റിപ്പോർട്ട് പ്രകാരമുള്ള സംവരണം

1918 ശ്രീ. എം. വി. ശ്രേയാംസ്കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പിന്നോക്ക സമുദായങ്ങൾക്ക് നരേന്ദ്രൻ കമ്മീഷൻ റിപ്പോർട്ട് പ്രകാരമുള്ള സംവരണാനുകൂല്യത്തിന് എന്ന് മുതലാണ് പ്രാബല്യം ലഭിച്ചത്;

(ബി) നരേന്ദ്രൻ കമ്മീഷൻ റിപ്പോർട്ട് പ്രകാരം സംസ്ഥാനത്ത് പിന്നോക്ക സമുദായങ്ങൾക്ക് ലഭിച്ച സംവരണാനുകൂല്യത്തിന്റെ വിശദാംശം വ്യക്തമാക്കുമോ;

(സി) നരേന്ദ്രൻ കമ്മീഷൻ റിപ്പോർട്ട് പ്രകാരമുള്ള ശുപാർശകൾ നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് സർക്കാരിന്റെ പരിഗണനയിലുള്ള നടപടികളുടെ വിശദാംശം വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 22.01.2014-ലെ മറുപടിക്ക്

<u>പിന്നോക്ക സമുദായസംവരണ പട്ടിക</u>

1919 ശ്രീ. എം. വി. ശ്രേയാംസ് കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് തൊഴിൽ സംവരണത്തിന്റെ കാര്യത്തിൽ നിലവിലുള്ള പിന്നോക്ക സമുദായങ്ങളുടെ പട്ടിക ലഭ്യമാക്കുമോ;

(ബി) പിന്നോക്ക സമുദായ തൊഴിൽ സംവരണ പട്ടികയിൽ കഴിഞ്ഞ പത്ത് വർഷങ്ങളിൽ ഉണ്ടായ ഭേദഗതികളുടെ വിശദാംശം വ്യക്തമാക്കുമോ;

(സി) പിന്നോക്ക സമുദായ തൊഴിൽ സംവരണത്തിന്റെ കാര്യത്തിൽ സംസ്ഥാന പബ്ലിക് സർവ്വീസ് കമ്മീഷൻ നിയമനങ്ങൾക്ക് ബാധകമായ സംവരണ ശതമാനവും മുൻഗണനയും റൊട്ടേഷൻ ക്രമവും പൊതുമേഖലാ സ്ഥാപനങ്ങൾക്കും എംപ്ലോയ്മെന്റ് നിയമനങ്ങൾക്കും ബാധകമാണോ;ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ;

(ഡി) സംസ്ഥാനത്ത് വിദ്യാഭ്യാസ സംവരണത്തിന്റെ കാര്യത്തിൽ ബാധകമായ പിന്നോക്ക സമുദായ പട്ടികയും മുൻഗണനയും സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ?

# കേരള നിയമസഭ
## 22.01.2014-ലെ മറുപടിക്ക്

<u>പിന്നോക്ക സമുദായ സംവരണം</u>

1920 ശ്രീ.എം.വി ശ്രേയാംസ് കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പിന്നോക്ക സമുദായങ്ങൾക്ക് കഴിഞ്ഞ പത്ത് വർഷമായി ലഭിക്കുന്ന തൊഴിൽസംവരണത്തിന്റെ വിശദാംശം വ്യക്തമാക്കുമോ;

(ബി) സംസ്ഥാനത്ത് പിന്നോക്ക സമുദായങ്ങൾക്ക് കഴിഞ്ഞ പത്ത് വർഷങ്ങളായി ലഭിയ്ക്കുന്ന വിദ്യാഭ്യാസ സംവരണത്തിന്റെ ശതമാനം വ്യക്തമാക്കുക;

(സി) സംസ്ഥാന രൂപീകരണത്തിനുശേഷം പിന്നോക്ക സമുദായ സംവരണവുമായി ബന്ധപ്പെട്ട് നിയമിക്കപ്പെട്ട കമ്മീഷനുകളുടേയും സമിതികളുടേയും വിശദാംശം വ്യക്തമാക്കുമോ;

(ഡി) പിന്നോക്ക സമുദായ സംവരണവുമായി ബന്ധപ്പെട്ട് കഴിഞ്ഞ പത്ത് വർഷങ്ങളിൽ സംസ്ഥാനത്ത് സർക്കാർ/സർക്കാർ സഹായത്തോടെ നടത്തിയ പഠനങ്ങളുടെ വിശദാംശം വ്യക്തമാക്കുമോ;

(ഇ) സംസ്ഥാനത്ത് പിന്നോക്ക സമുദായ വിദ്യാഭ്യാസ തൊഴിൽ സംവരണത്തിന്റെ കാര്യത്തിൽ കേന്ദ്ര സംവരണവുമായി നിലവിലുളള അന്തരം വിശദമാക്കാമോ?

# കേരള നിയമസഭ
## 22.01.2014-ലെ മറുപടിക്ക്

<u>സർക്കാർ ഉദ്യോഗസ്ഥൻമാർക്ക് പരിശീലനം</u>

1921 ശ്രീ. കെ. ശിവദാസൻ നായർ
,, എം. എ. വാഹീദ്
,, കെ. മുരളീധരൻ
,, ഹൈബി ഈഡൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സർക്കാർ ഉദ്യോഗസ്ഥൻമാർക്ക് വികസനോന്മുഖമായ പരിശീലന പരിപാടിക്ക് എന്തെല്ലാം സംവിധാനങ്ങളാണ് നടപ്പാക്കാനുദ്ദേശിക്കുന്നത്; വ്യക്തമാക്കാമോ;

(ബി) പ്രസ്തുത ലക്ഷ്യം നേടുന്നതിനായി സംസ്ഥാന പരിശീലന നയം പരിഷ്ക്കരിക്കാനുദ്ദേശിക്കുന്നുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(സി) പ്രസ്തുത പരിപാടി നടപ്പിലാക്കുന്നതിനായി എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട്; വിശദമാക്കാമോ?

# കേരള നിയമസഭ
## 22.01.2014-ലെ മറുപടിക്ക്

സർക്കാർ ജീവനക്കാർ ജാതി-മത സംഘടനകളുടെ ഭാരവാഹികളായി പ്രവർത്തിക്കുന്നത് തടയുന്നതിനുള്ള നടപടി

1922 ശ്രീ.എ.പ്രദീപ്കുമാർ
'' കെ.കുഞ്ഞിരാമൻ(തൃക്കരിപ്പൂർ)
'' വി.ചെന്താമരാക്ഷൻ
'' ബാബു. എം. പാലിശ്ശേരി.

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സർക്കാർ ജീവനക്കാർ ജാതി-മത സംഘടനകളുടെ ഭാരവാഹികളും പ്രവർത്തകരുമായി പ്രവർത്തിക്കുന്നത് തടയാൻ നടപടി സ്വീകരിക്കുമെന്ന് പ്രഖ്യാപിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ബി) ഇതിനായി 1960-ലെ സർക്കാർ ജീവനക്കാരുടെ പെരുമാറ്റ ചട്ടങ്ങൾ ഭേദഗതിവരുത്തിയിട്ടുണ്ടോ; എങ്കിൽ ഇതിനകം സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

# കേരള നിയമസഭ
## 22.01.2014-ലെ മറുപടിക്ക്

<u>ജീവനക്കാരുടെ സ്ഥലംമാറ്റ ഉത്തരവുകള്‍</u>

1923 പ്രൊഫ. സി. രവീന്ദ്രനാഥ്

താഴെ കാണുന്ന ചോദ്യത്തിന്
**മുഖ്യമന്ത്രി**
സദയം മറുപടി നല്‍കുമോ:

പൊതുമാനദണ്ഡങ്ങള്‍ക്ക് വിരുദ്ധമായി ജീവനക്കാരെ സ്ഥലംമാറ്റുന്നത് പുനഃപരിശോധിച്ച് പ്രസ്തുത ഉത്തരവുകള്‍ തിരുത്തുവാന്‍ തയ്യാറാകുമോ; വിശദമാക്കാമോ?

# കേരള നിയമസഭ
## 22.01.2014–ലെ മറുപടിക്ക്

<u>സെസ്സ്(സെന്റർ ഫോർ എർത്ത് സയൻസ് സ്റ്റഡീസ്) കേന്ദ്ര ഗവൺമെന്റ് ഏറ്റെടുക്കുന്ന നടപടി</u>

T.1924 ശ്രീ.സണ്ണി ജോസഫ്
,, അൻവർ സാദത്ത്
,, ഡൊമിനിക് പ്രസന്റേഷൻ
,, പി.എ. മാധവൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സെസ്സ് (സെന്റർ ഫോർ എർത്ത് സയൻസ് സ്റ്റഡീസ്) ഏറ്റെടുക്കണമെന്ന് കേന്ദ്ര സർക്കാരിനോട് സംസ്ഥാനം ആവശ്യപ്പെട്ടിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ബി) ഇതനുസരിച്ച് സെസ്സ് ഏറ്റെടുക്കാൻ കേന്ദ്ര സർക്കാർ തീരുമാനമെടുത്തിട്ടുണ്ടോ; വിശദാംശങ്ങൾ എന്തെല്ലാം;

(സി) ഇത്മൂലം സെസ്സിന്റെ വികസന പ്രവർത്തനങ്ങളിൽ എന്തെല്ലാം മാറ്റങ്ങളാണ് വരുന്നതെന്ന് വിശദമാക്കുമോ;

(ഡി) 12–ാം പഞ്ചവത്സര പദ്ധതിക്കാലത്ത് പ്രസ്തുത സ്ഥാപനത്തിന്റെ വികസന പ്രവർത്തനത്തിന് എന്തു തുകയാണ് ചെലവഴിക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ ലഭ്യമാക്കാമോ ?

# കേരള നിയമസഭ
# 22.01.2014-ലെ മറുപടിക്ക്

<u>കേരള ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിൽ ജീവനക്കാർ</u>

1925 ശ്രീ. വി. ശിവൻകുട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരള ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിൽ ഓഫീസ് വിഭാഗം ജീവനക്കാർക്ക് പ്രൊമോഷൻ നൽകുന്നതിനുള്ള മാനദണ്ഡങ്ങൾ എന്താണെന്ന് വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത വിഭാഗത്തിൽപ്പെട്ട ജീവനക്കാർക്ക് കേരള സർവ്വീസ് റൂൾസ് ബാധകമാണോ ;

(സി) ഈ സർക്കാർ അധികാരമേറ്റതിനുശേഷം ഈ സ്ഥാപനത്തിലെ ഓഫീസ് ജീവനക്കാരിൽ പ്രൊമോഷൻ ലഭിച്ചവരുടെ പേര്, തസ്തിക, ശമ്പളം തുടങ്ങിയ വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(ഡി) പ്രൊമോഷനുകളിൽ സീനിയോറിറ്റി മറികടന്നുള്ളവരുണ്ടോ ; ഉണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

# കേരള നിയമസഭ
## 22.01.2014–ലെ മറുപടിക്ക്

<u>കേരള ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിലിലെ നിയമന രീതി</u>

1926 ശ്രീ. വി. ശിവൻകുട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരള ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിലിലേയും അനുബന്ധ ഗവേഷണ വികസന സ്ഥാപനങ്ങളിലേയും ജീവനക്കാരുടെ സ്ഥിരം നിയമന രീതിയെ സംബന്ധിച്ചുള്ള വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ബി) പ്രസ്തുത സ്ഥാപനങ്ങളിലെ സ്ഥിരം, കരാർ, ദിവസവേതനം – എന്നീ തസ്തികകളിൽ ജോലി ചെയ്യുന്നവരുടെ പേര്, തസ്തിക, ശമ്പളം എന്നീ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(സി) പ്രസ്തുത നിയമനങ്ങൾക്ക് സർക്കാർ അനുമതി നൽകിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 22.01.2014-ലെ മറുപടിക്ക്

<u>സി-സ്റ്റെഡിലെ ജീവനക്കാർക്ക് ശമ്പളകുടിശ്ശിക നൽകാൻ നടപടി</u>

1927 ശ്രീ. വി. ശിവൻകുട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരള ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിലിന്റെ അനുബന്ധ സ്ഥാപനമായ സി-സ്റ്റെഡ് ലെ ജീവനക്കാർക്ക് ശമ്പള കുടിശ്ശിക നൽകുവാനുണ്ടോ;

(ബി) ഉണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(സി) പ്രസ്തുത സ്ഥാപനത്തിലെ ജീവനക്കാർക്ക് ശമ്പളം നൽകുന്നത് ഏതു ഫണ്ടിൽ നിന്നാണെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 22.01.2014-ലെ മറുപടിക്ക്

<u>സി-സ്റ്റെഡിൽ ഡയറക്ടർ നിയമനം</u>

1928 ശ്രീ. വി. ശിവൻകുട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരള ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിലിന്റെ അനുബന്ധ സ്ഥാപനമായ സി-സ്റ്റെഡിൽ ഡയറക്ടറെ നിയമിക്കുന്നതിനുള്ള മാനദണ്ഡം, യോഗ്യത ഇവയുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ബി) പ്രസ്തുത സ്ഥാപനത്തിലെ ഇപ്പോഴത്തെ ഡയറക്ടർ ആരാണെന്നും അദ്ദേഹത്തിന്റെ വിദ്യാഭ്യാസ യോഗ്യത എന്താണെന്നും വ്യക്തമാക്കുമോ;

(സി) ഡയറക്ടർക്കെതിരെ ജീവനക്കാരിൽ നിന്നോ, പൊതുജനങ്ങളിൽ നിന്നോ എന്തെങ്കിലും പരാതി ലഭിച്ചിട്ടുണ്ടോ; ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ?

# കേരള നിയമസഭ
## 22.01.2014-ലെ മറുപടിക്ക്

<u>സ്കൂളുകളിലെയും കോളേജുകളിലെയും ലബോറട്ടറി സംവിധാനങ്ങൾ മെച്ചപ്പെടുത്തുവാൻ നടപടി</u>

1929 ശ്രീ. കെ. രാധാകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാന ശാസ്ത്ര സാങ്കേതിക വകുപ്പിൽ നിന്നും വിവിധ സ്കൂളുകളിലെയും കോളേജുകളിലെയും ലബോറട്ടറി സംവിധാനങ്ങൾ മെച്ചപ്പെടുത്തുവാൻ ഫണ്ട് അനുവദിച്ചിട്ടുള്ളതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാമോ ;

(ബി) സർക്കാർ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കാണോ അതോ എയിഡഡ്-അൺഎയ്ഡഡ് സ്ഥാപനങ്ങൾക്കാണോ കൂടുതൽ തുക ചെലവഴിച്ചതെന്ന് അറിയിക്കാമോ ;

(സി) സാധാരണക്കാരായ കുട്ടികൾ പഠിക്കുന്ന സർക്കാർ വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ ലബോറട്ടറി സൗകര്യങ്ങൾ മെച്ചപ്പെടുത്തുവാൻ കൂടുതൽ തുക അനുവദിക്കുന്നകാര്യം പരിഗണിക്കുമോ ?

**കേരള നിയമസഭ**
**22.01.2014–ലെ മറുപടിക്ക്**

<u>പി. എസ്. സി. റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരണത്തിലെ പുതിയ നടപടിക്രമങ്ങൾ</u>

1930 ശ്രീ. ഹൈബി ഈഡൻ
'' അൻവർ സാദത്ത്
'' ഷാഫി പറമ്പിൽ
'' ആർ. സെൽവരാജ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പി. എസ്. സി. യുടെ റാങ്ക് ലിസ്റ്റ് കാലാവധി കഴിഞ്ഞാൽ ഉടൻ അടുത്ത റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിക്കുവാൻ എന്തെല്ലാം കർമ്മ പദ്ധതികളാണ് ആസൂത്രണം ചെയ്തിട്ടുളളത്;വിശദമാക്കുമോ;

(ബി) ഈ സർക്കാരിന്റെ കാലത്ത് ഇതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുളളത്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) ഏതെല്ലാം തസ്തികകൾക്കാണ് ഈ നയം നടപ്പാക്കിയിട്ടുളളത്; വിശദമാക്കുമോ;

(ഡി) എല്ലാ തസ്തികകളിലേയ്ക്കും പ്രസ്തുത നയം നടപ്പാക്കാൻ എന്തെല്ലാം നടപടികൾ കൈക്കൊളളുവാനാണ് തീരുമാനിച്ചിരിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം;

(ഇ) ഇതിനായി എന്തെല്ലാം തയ്യാറെടുപ്പുകളാണ് നടപ്പിൽ വരുത്തുവാൻ ഉദ്ദേശിച്ചിട്ടുളളത്; വിശദമാക്കുമോ?

# കേരള നിയമസഭ
# 22.01.2014–ലെ മറുപടിക്ക്

<u>പി. എസ്. സി. യുടെ ആധുനികവൽക്കരണം</u>

1931 ശ്രീ. എ. എം. ആരിഫ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പി. എസ്. സി.യെ ആധുനികവൽക്കരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കുന്നത്;

(ബി) ഓരോ വകുപ്പിലെയും റിട്ടയർമെന്റ് ഒഴിവുകളും യഥാ സമയം റിട്ടയർമെന്റ് തീയതിയിൽ തന്നെ പി. എസ്. സി. യിൽ അറിയിപ്പ് ലഭ്യമാകുന്ന വിധവും റാങ്ക്ലിസ്റ്റ് നില വിൽ ഉണ്ടെങ്കിൽ മുൻഗണനാക്രമത്തിൽ പി. എസ്. സി.ക്കും ലിസ്റ്റിലുള്ള അർഹതപ്പെട്ട ഉദ്യോഗാർത്ഥിക്കും അറിയിപ്പ് ലഭിക്കുംവിധവും അപ്‌ലോഡ് ചെയ്യുന്ന സോഫ്റ്റ്‌വെയർ ക്രമീകരണം നടപ്പിലാക്കുമോ;

(സി) ഒഴിവുകൾ യഥാസമയം റിപ്പോർട്ട് ചെയ്യാത്ത ഏതെങ്കിലും വകുപ്പ് മേധാവിയെ കുറ്റപ്പെടുത്തുവാൻ പോലും തയ്യാറായ അനുഭവമുണ്ടോ;

(ഡി) നിലവിൽ ഓരോ വകുപ്പിലും എത്ര ഒഴിവുകൾ ഉണ്ടെന്നാണ് കണക്കാക്കിയിട്ടുള്ളത്; വകുപ്പ് തിരിച്ച് ലിസ്റ്റ് നൽകാമോ; ഇതിൽ ഏതെല്ലാം വകുപ്പിലാണ് പി. എസ്. സി. റാങ്ക്ലിസ്റ്റുള്ളത്;

(ഇ) റാങ്ക്ലിസ്റ്റും ഒഴിവും ഉണ്ടായിട്ടും യഥാസമയം നിയമനം നടത്താത്തതുകൊണ്ട് കാലാവധി കഴിയുന്ന റാങ്ക്ലിസ്റ്റിലുള്ളവരുടെ പ്രശ്നം എങ്ങനെ പരിഹരിക്കാനാണ് ഉദ്ദേശിക്കുന്നത്?

# കേരള നിയമസഭ
## 22.01.2014–ലെ മറുപടിക്ക്

പി. എസ്. സി. റാങ്ക് ലിസ്റ്റുകൾ

1932 ശ്രീ. റ്റി. വി. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനതലത്തിലും ജില്ലാതലത്തിലുമായി ഇപ്പോൾ എത്ര പി. എസ്. സി. റാങ്ക് ലിസ്റ്റുകളും ഷോർട്ട് ലിസ്റ്റുകളും നിലവിലുണ്ട്; പ്രസ്തുത ലിസ്റ്റിൽ മാത്രം എത്ര ഉദ്യോഗാർത്ഥികൾ ഉൾപ്പെട്ടിട്ടുണ്ട്; വിശദാംശം നൽകുമോ;

(ബി) പ്രസ്തുത റാങ്ക് ലിസ്റ്റിൽ നിന്നും എത്ര ഉദ്യോഗാർത്ഥികൾക്ക് നിയമനം നൽകിയിട്ടുണ്ട്; വിശദാംശം നൽകുമോ?

# കേരള നിയമസഭ
## 22.01.2014–ലെ മറുപടിക്ക്

<u>വിവിധ വകുപ്പുകളിലെ ഒഴിവുകള്‍ യഥാസമയം റിപ്പോര്‍ട്ട് ചെയ്യുന്നതിന് നടപടി</u>

1933 പ്രൊഫ. സി. രവീന്ദ്രനാഥ്

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) വിവിധ വകുപ്പുകളില്‍ ഉണ്ടാകുന്ന ഒഴിവുകള്‍ യഥാസമയം പി.എസ്.സി.ക്ക് റിപ്പോര്‍ട്ട് ചെയ്യുന്നില്ലായെന്ന വസ്തുത ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കില്‍ റിപ്പോര്‍ട്ട് ചെയ്യാന്‍ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 22.01.2014–ലെ മറുപടിക്ക്

<u>ലാസ്റ്റ് ഗ്രേഡ് ജീവനക്കാരുടെ പ്രൊമോഷന്‍</u>

1934 ശ്രീ. എ.എ. അസീസ്

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) എല്ലാ വകുപ്പുകളിലും ലാസ്റ്റ് ഗ്രേഡ് ജീവനക്കാര്‍ക്ക് പ്രൊമോഷന്‍ നല്‍കുന്നതിനുള്ള സംവരണ നിരക്ക് ഏകീകരിക്കാന്‍ നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) മുഴുവന്‍ വകുപ്പുകളിലെയും ലാസ്റ്റ് ഗ്രേഡ് ജീവനക്കാരുടെ ഏകീകൃത ലിസ്റ്റ് തയ്യാറാക്കിയിട്ടുണ്ടോ;

(സി) ഇല്ലെങ്കില്‍ ഏകീകൃത ലിസ്റ്റ് തയ്യാറാക്കി വകുപ്പ് വ്യത്യാസമില്ലാതെ നിശ്ചിതശതമാനം പ്രൊമോഷന്‍ ഒഴിവുണ്ടാകുന്ന തസ്തികകളില്‍ നല്‍കുവാന്‍ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 22.01.2014-ലെ മറുപടിക്ക്

<u>വിജ്ഞാപനം പുറപ്പെടുവിക്കുന്ന മുൻഗണനാക്രമം പാലിച്ച് റാങ്ക് ലിസ്റ്റ് പ്രസിദ്ധപ്പെടുത്തുവാൻ നടപടി</u>

1935 ശ്രീ. പി. ബി. അബ്ദുൾ റസാക്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സെക്രട്ടേറിയറ്റ് അസിസ്റ്റന്റ് തസ്തികയിലേക്ക് നിലവിലുള്ള റാങ്ക് ലിസ്റ്റ് തയ്യാറാക്കുന്നതിന് അപേക്ഷ സ്വീകരിച്ചതുമുതൽ റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിക്കുന്നതുവരെയുള്ള നടപടിക്രമം പൂർത്തിയാക്കാൻ എത്ര സമയമെടുത്തു ;

(ബി) വിജ്ഞാപനം പുറപ്പെടുവിക്കുന്ന മുൻഗണനാക്രമം പാലിച്ച് റാങ്ക് ലിസ്റ്റ് പ്രസിദ്ധപ്പെടുത്തുവാൻ നടപടി സ്വീകരിക്കുമോ ;

(സി) 5 വർഷത്തിന് മുമ്പ് വിജ്ഞാപനം പുറപ്പെടുവിച്ച ശേഷം റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിക്കാത്ത എത്ര തസ്തികകൾ ഉണ്ട് ; അവ ഏതെല്ലാം എന്നറിയിക്കുമോ ?

**കേരള നിയമസഭ**
**22.01.2014-ലെ മറുപടിക്ക്**

തുല്യതാ സർട്ടിഫിക്കറ്റിന് പി.എസ്.സി അംഗീകാരത്തിന് നടപടി

1936 ശ്രീ. എ. പ്രദീപ്കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വിദ്യഭ്യാസവകുപ്പിന്റെ പരിധിയിലുള്ള സാക്ഷരതാ മിഷന്റെ പത്താംതരം തുല്യതാ സർട്ടിഫിക്കറ്റ് വിദ്യാഭ്യാസവകുപ്പ് അംഗീകരിക്കുകയും പി.എസ്.സി. അംഗീകരിക്കാതിരിക്കുകയും ചെയ്യുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പ്രസ്തുത സർട്ടിഫിക്കറ്റ് പി.എസ്.സി. അംഗീകരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 22.01.2014-ലെ മറുപടിക്ക്

<u>കാലഹരണപ്പെട്ട തസ്തികകള്‍</u>

T.1937 ശ്രീ. സി.കെ. സദാശിവന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) കാലഹരണപ്പെട്ട തസ്തികകള്‍ നിര്‍ത്തലാക്കിക്കൊണ്ട് അതിലെ ജീവനക്കാരെ പ്രത്യേകം പൂളിലേക്ക് മാറ്റണമെന്ന് സര്‍ക്കാര്‍ ഉത്തരവ് പുറപ്പെടുവിച്ചത് ഏത് തീയതിയിലായിരുന്നു ;ഉത്തരവിന്റെ പകര്‍പ്പ് ലഭ്യമാക്കുമോ;

(ബി) പ്രസ്തുത പ്രവര്‍ത്തനങ്ങളുടെ മേല്‍നോട്ടത്തില്‍ രൂപീകരിക്കപ്പെട്ട ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിലുള്ള ഉന്നതാധികാര സമിതി എടുത്ത തുടര്‍ നടപടികള്‍ എന്തെല്ലാമായിരുന്നു; വിശദമാക്കാമോ;

(സി) ഏതെല്ലാം വകുപ്പുകളിലെ എത്ര തസ്തികകളാണ് കാലാകാലങ്ങളിലുള്ള തുടര്‍ അനുമതിയോടെ നിലനിന്നു പോന്നിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; പ്രസ്തുത തസ്തികകള്‍ നിലവിലുള്ള ഉത്തരവ് പ്രകാരം ഇല്ലാതാകുന്ന തീയതി എന്നാണെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 22.01.2014-ലെ മറുപടിക്ക്

<u>ന്യൂനപക്ഷ ഭാഷയായ തമിഴ് വകുപ്പ് തല പരീക്ഷ പാസാകുന്നവർക്ക് ഉദ്യോഗകയറ്റം നൽകുന്നതിന് നടപടി</u>

1938 ശ്രീ. കെ. കെ. ജയചന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഉടുമ്പൻചോല, ദേവികുളം, പീരുമേട്, നെയ്യാറ്റിൻകര, ചിറ്റൂർ എന്നീ അഞ്ചു താലൂക്കുകളിൽ ന്യൂനപക്ഷ ഭാഷയായ തമിഴ് വകുപ്പ് തല പരീക്ഷ പാസാകുന്നവർക്ക് ഉദ്യോഗകയറ്റം നൽകുന്നതിനായി സർക്കാർ ഉത്തരവ് നിലവിലുണ്ടോ; എങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കാമോ;

(ബി) ഇപ്രകാരം വകുപ്പ് തല പരീക്ഷ പാസായിട്ടുള്ളവർക്ക് യഥാസമയം ഉദ്യോഗകയറ്റം നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 22.01.2014–ലെ മറുപടിക്ക്

<u>ഒഴിവുകൾ പി.എസ്.സി. ക്കു റിപ്പോർട്ടു ചെയ്യുന്നതിലും നിയമന ഉത്തരവ് നൽകുന്നതിലുമുള്ള കാലതാമസം</u>

1939 ശ്രീ. പി. ശ്രീരാമകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വിവിധ വകുപ്പുകളിൽ നിന്ന് ഒഴിവുകൾ പി.എസ്.സി.ക്ക് യഥാസമയം റിപ്പോർട്ട് ചെയ്യുന്നില്ലായെന്ന വസ്തുത ശ്രദ്ധിച്ചിട്ടുണ്ടോ;

(ബി) ഒഴിവുകൾ യഥാസമയം റിപ്പോർട്ട് ചെയ്യിക്കാൻ എന്തൊക്കെ നടപടികളാണ് കൈക്കൊണ്ടിട്ടുള്ളത്; വിശദമാക്കാമോ?

# കേരള നിയമസഭ
# 22.01.2014-ലെ മറുപടിക്ക്

## കോഴിക്കോട് ജില്ലയിലെ സ്റ്റാഫ് നഴ്സ് തസ്തിക നിയമനം

1940 ശ്രീ. ഇ. കെ. വിജയൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിൽ സ്റ്റാഫ് നഴ്സ് തസ്തികയിൽ എത്ര ഒഴിവുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്;

(ബി) പ്രസ്തുത തസ്തികയിലേക്കുള്ള നിയമനത്തിന് പി.എസ്.സി റാങ്ക് ലിസ്റ്റിൽ നിന്നും നിയമന ശിപാർശ നൽകുവാൻ കാലതാമസം നേരിടാനുള്ള കാരണം വ്യക്തമാക്കുമോ;

(സി) പ്രസ്തുത തസ്തികയിലേക്ക് കോഴിക്കോട് ജില്ലയിൽ മാത്രം നിയമനം നടത്താത്തതിന് എന്തെങ്കിലും സാങ്കേതിക പ്രശ്നങ്ങൾ നിലവിലുണ്ടോ; വ്യക്തമാക്കുമോ;

(ഡി) നടപടിക്രമങ്ങൾ പൂർത്തീകരിച്ച് പ്രസ്തുത തസ്തികയിലേക്ക് എന്ന് നിയമന ശിപാർശ നൽകാൻ കഴിയുമെന്നറിയിക്കുമോ?

# കേരള നിയമസഭ
# 22.01.2014-ലെ മറുപടിക്ക്

<u>പാലക്കാട് ജില്ലയിൽ എൽ.ഡി. ക്ലർക്ക് നിയമനം</u>

1941 ശ്രീ. വി. ചെന്താമരാക്ഷൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയിൽ എൽ.ഡി. ക്ലർക്ക് റാങ്ക് ലിസ്റ്റിൽ നിന്നും എത്ര പേർക്ക് നിയമനം നൽകിയിട്ടുണ്ട് ;

(ബി) വിവിധ വകുപ്പുകളിൽനിന്നും എത്ര ഒഴിവുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്;

(സി) യഥാസമയം വരുന്ന ഒഴിവുകൾ റിപ്പോർട്ട് ചെയ്യുന്നതിന് എന്തെല്ലാം നടപടിയാണ് സ്വീകരിച്ചിട്ടുള്ളത് ; വിശദാംശം നൽകുമോ ?

## കേരള നിയമസഭ
## 22.01.2014-ലെ മറുപടിക്ക്

<u>എൽ. ഡി. ടൈപ്പിസ്റ്റ് തസ്തികയിലെ നിയമനം</u>

1942 ശ്രീ. എം. എ. വാഹീദ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ജില്ലയിൽ നിലവിലുള്ള കാറ്റഗറി നമ്പർ 205/2009 എൽ. ഡി. ടൈപ്പിസ്റ്റ് റാങ്ക് ലിസ്റ്റിൽ നിന്നുള്ള നിയമന ശുപാർശ കഴിഞ്ഞ ഏഴു മാസമായി തടസ്സപ്പെട്ടിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ നിയമന ശുപാർശയ്ക്കുള്ള നടപടികൾ പുനരാരംഭിക്കാൻ പി.എസ്.സി ക്ക് നിർദ്ദേശം നൽകുമോ?

# കേരള നിയമസഭ
## 22.01.2014-ലെ മറുപടിക്ക്

<u>തിരുവനന്തപുരം ജില്ലയിലെ ലാസ്റ്റ് ഗ്രേഡ് തസ്തികയിലെ ഒഴിവുകൾ നികത്താൻ നടപടി</u>

1943 ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പി.എസ്.സി യിൽ നിലവിലുള്ള തിരുവനന്തപുരം ജില്ലയുടെ എൽ.ജി.എസ് റാങ്ക് ലിസ്റ്റിൽ നിന്നും കഴിഞ്ഞ 5 മാസമായി നിയമന ശുപാർശ ചെയ്യുന്നില്ലെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അതിനുള്ള കാരണം വ്യക്തമാക്കുമോ;

(ബി) നിലവിലുള്ള ഒഴിവുകളിലെല്ലാം നിയമന ശുപാർശ നടത്തി ഒഴിവുകൾ നികത്താൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 22.01.2014–ലെ മറുപടിക്ക്

<u>പാലക്കാട് ജില്ലയിലെ ലാസ്റ്റ്ഗ്രേഡ് സെർവന്റ്സ് നിയമനം</u>

1944 ശ്രീ. വി. ചെന്താമരാക്ഷൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയിലെ ലാസ്റ്റ് ഗ്രേഡ് സെർവന്റ്സ് റാങ്ക് ലിസ്റ്റ് നിലവിൽ വന്നിട്ട് എത്ര വർഷമായി എന്ന് വിശദമാക്കുമോ;

(ബി) ഈ റാങ്ക് ലിസ്റ്റിൽ നിന്നും ഇതുവരെ എത്ര പേർക്ക് നിയമനം നൽകിയിട്ടുണ്ട്; വിശദാംശം നൽകുമോ;

(സി) നിലവിൽ എത്ര ഒഴിവുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്; വിശദമാക്കുമോ;

(ഡി) ഈ ലിസ്റ്റിന്റെ കാലാവധി എന്നവസാനിക്കും എന്നറിയിക്കുമോ?

# കേരള നിയമസഭ
## 22.01.2014-ലെ മറുപടിക്ക്

<u>കൊല്ലം ജില്ലയിലെ വിവിധ വകുപ്പുകളിലെ എൽ.ഡി. ടൈപ്പിസ്റ്റ്</u>

1945

ശ്രീ. പി. കെ. ഗുരുദാസൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കൊല്ലം ജില്ലയിലെ വിവിധ വകുപ്പുകളിലെ എൽ.ഡി. ടൈപ്പിസ്റ്റ് റാങ്ക് ലിസ്റ്റിൽ നിന്ന് എത്ര പേർക്ക് നിയമനം നൽകി; ഏതെല്ലാം വകുപ്പുകളിലാണ് നിയമനം നൽകിയത്; നിലവിൽ എത്ര ഒഴിവുകൾ ഉണ്ട്; വിശദമാക്കുമോ;

(ബി) ഒഴിവുകൾ യഥാസമയം റിപ്പോർട്ട് ചെയ്യുന്നില്ല എന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ സ്വീകരിച്ച നടപടി വിശദമാക്കുമോ;

(സി) 2014, 2015 എന്നീ വർഷങ്ങളിൽ എത്ര ഒഴിവുകൾ ഉണ്ടാകുമെന്ന് കണക്കാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വർഷവും വകുപ്പും തിരിച്ചുള്ള ഒഴിവുകളുടെ എണ്ണം ലഭ്യമാക്കുമോ?

# കേരള നിയമസഭ
## 22.01.2014-ലെ മറുപടിക്ക്

**പോലീസ് സ്പെഷ്യൽ സി.ഐ.ഡി വിഭാഗത്തിലെ നിയമനങ്ങൾ**

1946 ശ്രീ. റ്റി. വി. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) എപ്പോഴാണ് പോലീസ് സ്പെഷ്യൽ സി.ഐ.ഡി. വിഭാഗത്തിലെ മിനിസ്റ്റീരിയൽ നിയമനങ്ങൾ പി.എസ്.സി. ക്ക് വിട്ടത്; എത്ര ഒഴിവുകൾ റിപ്പോർട്ട് ചെയ്തിരുന്നു; പ്രസ്തുത ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ ;

(ബി) പ്രസ്തുത നിയമനങ്ങൾ പി.എസ്.സി.യിൽ നിന്നും മാറ്റി തിരികെ പോലീസ് വകുപ്പിന് നല്കി ഉത്തരവായിട്ടുണ്ടോ ; ഉണ്ടെങ്കിൽ പ്രസ്തുത ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ ;

(സി) ഇത് സംബന്ധിച്ച് സർക്കാർ പി.എസ്.സി.ക്ക് കത്ത് നല്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ കത്തിന്റെ പകർപ്പ് ലഭ്യമാക്കുമോ ; ഇത് സംബന്ധിച്ച് പി.എസ്.സി.യുടെ നിലപാടെന്താണ് ;

(ഡി) 26.10.2013ന് പി.എസ്.സി. നടത്തിയ പോലീസ് സ്പെഷ്യൽ ബ്രാഞ്ച് സി.ഐ.ഡി. വിഭാഗത്തിലെ അസിസ്റ്റന്റ് നിയമനത്തിന് എത്ര ഉദ്യോഗാർത്ഥികൾ പരീക്ഷ എഴുതി ; എത്ര ഒഴിവുകളിലേക്കാണ് നിയമനം നടത്തുന്നത് ?

# കേരള നിയമസഭ
# 22.01.2014-ലെ മറുപടിക്ക്

<u>ധനകാര്യ സെക്രട്ടേറിയറ്റിലെ ടൈപ്പിസ്റ്റ് തസ്തികയിലെ ഒഴിവുകൾ നികത്താൻ നടപടി</u>

1947 ശ്രീ.എം. എ. വാഹീദ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ധനകാര്യ സെക്രട്ടേറിയറ്റിൽ ടൈപ്പിസ്റ്റിന്റെ എത്ര ഒഴിവുകൾ നിലവിലുണ്ട് എന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത ഒഴിവുകൾ കാലതാമസം കൂടാതെ നികത്തുന്നതിന് നടപടി സ്വീകരുക്കുമോ?

# കേരള നിയമസഭ
## 22.01.2014-ലെ മറുപടിക്ക്

<u>ആശ്രിത നിയമന വ്യവസ്ഥ</u>

1948 ശ്രീ.പി. ഉബൈദുള്ള

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർവ്വീസിലും അർദ്ധ സർക്കാർ സ്ഥാപനങ്ങളിലും, യൂണിവേഴ്സിറ്റികൾ, സഹകരണ-പൊതുമേഖലാ സ്ഥാപനങ്ങൾ എന്നിവയിലും നിലനിൽക്കുന്ന ആശ്രിത നിയമന വ്യവസ്ഥ വിശദമാക്കുമോ;

(ബി) ഓരോ മേഖലയിലും നിശ്ചിത ശതമാനം ഒഴിവുകൾ ആശ്രിത നിയമനത്തിനായി നീക്കിവയ്ക്കുന്നുണ്ടോ; വിശദാംശം ലഭ്യമാക്കുമോ;

(സി) ആശ്രിത നിയമനത്തിന് അപേക്ഷ സമർപ്പിച്ചിട്ട് പല സർക്കാർ വകുപ്പുകളിലും നിയമനത്തിനും നടപടികൾ പൂർത്തീകരിക്കുന്നതിനും ഉള്ള കാലതാമസം ശ്രദ്ധയിൽപ്പട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ അവ പരിഹരിക്കുന്നതിനും മറ്റ് യോഗ്യതകൾ ഉള്ളപക്ഷം മൂന്ന് മാസത്തിനുള്ളിൽ നിയമനം നൽകുന്നതിനും നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

# കേരള നിയമസഭ
## 22.01.2014-ലെ മറുപടിക്ക്

ഡെപ്യൂട്ടേഷൻ നിയമനങ്ങൾ

1949 ശ്രീ. കെ. രാധാകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ക്ഷേമനിധിബോർഡുകൾ, അതോറിറ്റികൾ, കമ്മീഷനുകൾ എന്നിവിടങ്ങളിൽ വ്യവസ്ഥാപിത മാർഗ്ഗങ്ങളിലൂടെ ഡെപ്യൂട്ടേഷനിൽ ജോലി ചെയ്യുന്നവരുടെ നിയമനം റദ്ദ് ചെയ്യുകയോ, ഡെപ്യൂട്ടേഷൻ നീട്ടി കൊടുക്കാതിരിക്കുകയോ ചെയ്യുന്നത് സർക്കാർ തീരുമാനപ്രകാരമാണോയെന്ന് വ്യക്തമാക്കാമോ;

(ബി) ഇപ്രകാരമുള്ള ഒഴിവുകളിൽ ഡെപ്യൂട്ടേഷൻ നിയമനങ്ങൾക്കു പകരം ദിവസക്കൂലിക്കാരെ കരാർ നിയമനങ്ങളിലൂടെ ജോലിക്ക് പ്രവേശിപ്പിക്കുന്നതായി ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(സി) കരാർ നിയമനത്തിന്റെ പേരിൽ അഴിമതിയും മറ്റ് ക്രമക്കേടുകളും ഉണ്ടാകുന്നതായി ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ ഡെപ്യൂട്ടേഷൻ ഒഴിവുകളിൽ നിർബ്ബന്ധമായും സർക്കാർ സർവീസിലുള്ള ജീവനക്കാരെ മാത്രം നിയമിക്കുവാൻ നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ?

# കേരള നിയമസഭ
## 22.01.2014–ലെ മറുപടിക്ക്

<u>താഴ്ന്ന തസ്തികയിലുള്ളവർക്ക് അസിസ്റ്റന്റായി നിയമനം നൽകുന്നതിനുള്ള സംവരണം</u>

1950 ശ്രീ. പി. തിലോത്തമൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പി. എസ്. സി., സെക്രട്ടേറിയറ്റ്, ലോക്കൽ ഫണ്ട് ആഡിറ്റ്, എ. ജി. ഓഫീസ് എന്നിവിടങ്ങളിൽ അസിസ്റ്റന്റ് നിയമനത്തിന് താഴ്ന്ന തസ്തികയിൽ ജോലി ചെയ്യുന്നവർക്കുള്ള സംവരണം വർദ്ധിപ്പിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ ഏതു ഘട്ടം വരെയായി എന്നു വ്യക്തമാക്കുമോ;

(ബി) പ്രസ്തുത വിഷയത്തിൽ പി. എസ്. സി എതിരഭിപ്രായം അറിയിച്ചിട്ടുണ്ടോ; ഇതു മറികടന്ന് ഉത്തരവ് പുറപ്പെടുവിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ എന്നു അറിയിക്കുമോ?

# കേരള നിയമസഭ
## 22.01.2014-ലെ മറുപടിക്ക്

<u>കോഴിക്കോട് ജില്ലയിലെ എച്ച്.എസ്.എ. (മലയാളം) റാങ്ക് ലിസ്റ്റ്</u>

1951 ശ്രീ. എ. പ്രദീപ്കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിലെ എച്ച്.എസ്.എ. (മലയാളം) റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ടവർ റാങ്ക് ലിസ്റ്റിന്റെ കാലാവധി ദീർഘിപ്പിക്കണമെന്ന് അപേക്ഷിച്ചുകൊണ്ട് മുഖ്യമന്ത്രിക്കു നിവേദനം നൽകിയിരുന്നുവോ;

(ബി) പ്രസ്തുതനിവേദനത്തിന്മേൽ എന്തു തീരുമാനമാണു സ്വീകരിച്ചിട്ടുള്ളതെന്നു വിശദമാക്കുമോ?

# കേരള നിയമസഭ
## 22.01.2014–ലെ മറുപടിക്ക്

കോഴിക്കോട് ജില്ലയിലെ ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സ് നിയമനം

1952 ശ്രീ. ഇ. കെ. വിജയൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യ മന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിൽ ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സ് തസ്തികയിൽ നിലവിലുള്ള റാങ്ക് ലിസ്റ്റിൽ നിന്നും നാളിതുവരെ എത്ര പേർക്ക് നിയമനം നൽകിയിട്ടുണ്ട്; വിശദമാക്കാമോ;

(ബി) പ്രസ്തുത ലിസ്റ്റിന്റെ നിലവിലുള്ള റൊട്ടേഷനും ഒഴിവുകളും എത്രയെന്ന് വെളിപ്പെടുത്തുമോ;

(സി) ഈ ലിസ്റ്റിൽ നിന്നും എത്ര പേർക്ക് കൂടി നിയമനം നൽകാൻ സാധിക്കും എന്നറിയിക്കുമോ;

(ഡി) എങ്കിൽ നടപടിക്രമങ്ങൾ പൂർത്തീകരിച്ച് നിയമനം എന്നത്തേക്ക് നൽകാൻ സാധിക്കും എന്നറിയിക്കുമോ?

# കേരള നിയമസഭ
## 22.01.2014–ലെ മറുപടിക്ക്

<u>ചാലക്കുടിയിൽ പി.എസ്.സി. പരീക്ഷാകേന്ദ്രം</u>

1953 ശ്രീ. ബി. ഡി. ദേവസ്സി

താഴെ കാണുന്ന ചോദ്യത്തിന്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

പബ്ലിക് സർവ്വീസ് കമ്മീഷന്റെ വകുപ്പുതല പരീക്ഷകൾക്കായി ചാലക്കുടിയിൽ പരീക്ഷാ കേന്ദ്രം അനുവദിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 22.01.2014–ലെ മറുപടിക്ക്

<u>വൈദ്യുതിബോർഡിൽ മസ്ദൂർമാരെ നിയമിക്കുവാൻ നടപടി</u>

1954 ശ്രീ. രാജു എബ്രഹാം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വൈദ്യുതിബോർഡിൽ മസ്ദൂർമാരെ നിയമിക്കുന്നതിനായി പി.എസ്.സി.യുടെ റാങ്ക് ലിസ്റ്റ് എന്നാണ് പ്രസിദ്ധീകരിച്ചിട്ടുള്ളതെന്ന് ജില്ലകളുടെ പേരു സഹിതം വ്യക്തമാക്കുമോ;

(ബി) ഈ ലിസ്റ്റിൽ നിന്നും അഡ്വൈസ് ചെയ്യപ്പെടുകയോ നിയമനം ലഭിക്കുകയോ ചെയ്തിട്ടുള്ളവരുടെ എണ്ണം ജില്ല തിരിച്ച് വ്യക്തമാക്കുമോ;

(സി) ഈ ലിസ്റ്റിന്റെ കാലാവധി എന്നാണ് അവസാനിക്കുന്നത്; ഓരോ ജില്ലയിലും മസ്ദൂർമാരുടെ ഒഴിവ് സംബന്ധിച്ച് വൈദ്യുതിബോർഡ് നൽകിയിട്ടുള്ള പട്ടിക ജില്ല തിരിച്ച് വ്യക്തമാക്കുമോ;

(ഡി) റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിക്കപ്പെട്ടിട്ടും പത്തനംതിട്ട ജില്ലയിൽ നിയമനത്തിനുള്ള നടപടികൾ ഇതേവരെ ആരംഭിക്കാൻ കഴിയാത്തതിന്റെ കാരണം വ്യക്തമാക്കുമോ; ഇവിടെ നിയമന നടപടികൾ ആരംഭിക്കുന്നതിന് എന്തൊക്കെ തടസ്സങ്ങളാണുള്ളതെന്ന് വ്യക്തമാക്കുമോ; എന്നത്തേക്ക് നിയമനം നടത്താൻ കഴിയുമെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 22.01.2014–ലെ മറുപടിക്ക്

<u>കെ.എസ്.എഫ്.ഇ–യിലെ ഓഫീസ് അറ്റന്റന്റുമാർക്ക് ജൂനിയർ അസിസ്റ്റന്റ് തസ്തികയിൽ പ്രമോഷൻ നല്കുന്നതിന് നടപടി</u>

1955 ശ്രീ. കെ. എം. ഷാജി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കെ.എസ്.എഫ്.ഇ – യിലെ ഓഫീസ് അറ്റന്റന്റുമാർക്ക് 10% റേഷ്യോയിൽ ജൂനിയർ അസിസ്റ്റന്റ് തസ്തികയിൽ പ്രമോഷൻ നല്കുന്നതു സംബന്ധിച്ച് പി.എസ്.സി. അനുമതി നല്കിയിട്ടുണ്ടോ ; എങ്കിൽ യോഗ്യതാ നിബന്ധനകൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ ;

(ബി) നേരിട്ട് പി.എസ്.സി. വഴി നിയമിക്കപ്പെടുന്ന ജൂനിയർ അസിസ്റ്റന്റുമാർക്ക് ബാധമാക്കാത്ത അധികയോഗ്യത പ്രമോഷനർഹരായ ഓഫീസ് അറ്റന്റന്റുമാർക്ക് ബാധകമാക്കിയിട്ടുണ്ടോ ; എങ്കിൽ അതിനുള്ള കാരണം വിശദമാക്കുമോ ;

(സി) സർക്കാർ ഓഫീസുകളിലെ ഓഫീസ് അറ്റന്റന്റുമാർക്ക് 10% ശതമാനം പ്രമോഷൻ ആനുകൂല്യം ബന്ധപ്പെട്ട സ്പെഷ്യൽ റൂളിൽ മാറ്റം വരുത്തിയാണോ നടപ്പാക്കിയതെന്ന് വ്യക്തമാക്കുമോ ; ഇല്ലെങ്കിൽ കെ.എസ്.എഫ്.ഇ.യിൽ സ്പെഷ്യൽ റൂളിൽ മാറ്റം വരുത്തിയതിനു ശേഷമേ നടപ്പാക്കാവൂ എന്നു നിശ്ചയിച്ചതിന്റെ കാരണം വ്യക്തമാക്കുമോ ;

(ഡി) പുതിയ യോഗ്യത നിശ്ചയിച്ച ഉത്തരവു വരുംമുമ്പ് തസ്തികമാറ്റ പരീക്ഷ പാസ്സായി നിയമനത്തിന് അർഹത നേടിയിരുന്നവർക്ക് പുതിയ ഉത്തരവുമൂലം നിയമനം ലഭിക്കാത്ത സാഹചര്യം ശ്രദ്ധയിൽവന്നിട്ടുണ്ടോ; അവർക്ക് പ്രമോഷൻ നല്കി യോഗ്യത നേടാൻ സമയമനുവദിച്ചു നല്കുമോ ?

# കേരള നിയമസഭ
## 22.01.2014-ലെ മറുപടിക്ക്

<u>ആലപ്പുഴ ജില്ലയിൽ നിലവിലുള്ള പി. എസ്. സി. റാങ്ക് ലിസ്റ്റുകൾ</u>

1956 ശ്രീ. പി. തിലോത്തമൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ ജില്ലയിൽ ഏതെല്ലാം പി. എസ്. സി. റാങ്ക് ലിസ്റ്റുകൾ പ്രാബല്യത്തിലുണ്ട് എന്നു പറയാമോ;

(ബി) ആലപ്പുഴ ജില്ലയിൽ നിലവിലുള്ള എൽ. ഡി. സി, ലാസ്റ്റ് ഗ്രേഡ് തസ്തികകളുടെ പി. എസ്. സി. ലിസ്റ്റുകളിൽ നിന്നും വിവിധ വകുപ്പുകളിലേയ്ക്ക് നാളിതുവരെ നടന്നിട്ടുള്ള നിയമനങ്ങൾ വ്യക്തമാക്കുമോ; ഈ ലിസ്റ്റുകൾ നിലവിൽ വന്നത് എന്നായിരുന്നു എന്നും ഇവയുടെ കാലാവധി എന്ന് അവസാനിക്കുമെന്നും അറിയിക്കുമോ;

(സി) വിവിധ വകുപ്പുകളിലേയ്ക്കുള്ള എൽ. ഡി. സി, ലാസ്റ്റ് ഗ്രേഡ് ഒഴിവുകൾ നിലവിൽ എത്രയുണ്ടെന്ന് അറിയിക്കുമോ; ഈ ഒഴിവുകളിലേയ്ക്ക് നിയമനം നടത്തുന്നതിന് നടപടികൾ ആരംഭിച്ചിട്ടുണ്ടോ എന്ന് അറിയിക്കുമോ?

# കേരള നിയമസഭ
## 22.01.2014-ലെ മറുപടിക്ക്

ആലപ്പുഴ ജില്ലയിലെ എൽ. ഡി. ക്ലാർക്ക് നിയമനം

1957 ശ്രീ. ജി. സുധാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ ജില്ലയിൽ എൽ. ഡി. ക്ലാർക്ക് (വിവിധ വകുപ്പുകൾ) റാങ്ക്ലിസ്റ്റ് നിലവിലുണ്ടോ; പ്രസ്തുത റാങ്ക് ലിസ്റ്റ് നിലവിൽ വന്നത് എന്നാണ്; ഇതുവരെ ഈ റാങ്ക് ലിസ്റ്റിൽ നിന്നും എത്ര പേർക്ക് നിയമനം നൽകി; റാങ്ക് ലിസ്റ്റിന്റെ കാലാവധി എന്നുവരെയാണ്; വ്യക്തമാക്കാമോ;

(ബി) വിവിധ വകുപ്പുകളിൽ നിലവിലുള്ള ഒഴിവുകൾ പി. എസ്. സി.ക്ക് റിപ്പോർട്ട് ചെയ്യുവാൻ നടപടി സ്വീകരിക്കുമോ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ആലപ്പുഴ ജില്ലയിൽ വിവിധ വകുപ്പുകളിൽ എൽ. ഡി. ക്ലാർക്ക് തസ്തിക സൃഷ്ടിച്ച് ഉത്തരവായിട്ടുണ്ടോ; വ്യക്തമാക്കുമോ?

## കേരള നിയമസഭ
## 22.01.2014-ലെ മറുപടിക്ക്

<u>പാലക്കാട് ജില്ലയിലെ എൽ. ഡി. ടൈപ്പിസ്റ്റ് നിയമനം</u>

1958 ശ്രീ. വി. ചെന്താമരാക്ഷൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയിലെ എൽ.ഡി. ടൈപ്പിസ്റ്റ് റാങ്ക് പട്ടിക എന്നാണ് നിലവിൽ വന്നത്;

(ബി) പ്രസ്തുത റാങ്ക് ലിസ്റ്റിൽ നിന്നും എത്ര പേർക്ക് നിയമനം നൽകിയിട്ടുണ്ട്; വിശദാംശം നൽകുമോ;

(സി) എൽ. ഡി. ടൈപ്പിസ്റ്റ് തസ്തികകൾ യഥാസമയം റിപ്പോർട്ട് ചെയ്യുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; എന്നറിയിക്കുമോ?

# കേരള നിയമസഭ
## 22.01.2014–ലെ മറുപടിക്ക്

വയനാട് ജില്ലയിലെ എൽ.ഡി. ടൈപ്പിസ്റ്റ് നിയമനം

1959

ശ്രീ. ജെയിംസ് മാത്യു

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വയനാട് എൽ.ഡി. ടൈപ്പിസ്റ്റ് തസ്തികയിലേക്കുള്ള പി.എസ്.സി. റാങ്ക് ലിസ്റ്റ് എന്നാണ് നിലവിൽ വന്നത് എന്നും എത്ര പേർക്ക് നിയമനം നൽകിയെന്നും വ്യക്തമാക്കുമോ;

(ബി) പ്രസ്തുത ലിസ്റ്റിൽ നിന്നുള്ള നിയമനം മറ്റു ജില്ലകളെ അപേക്ഷിച്ച് വളരെ മന്ദഗതിയിലാണെന്ന വിവരം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; എങ്കിൽ കാരണം വ്യക്തമാക്കുമോ;

(സി) ഈ ലിസ്റ്റിൽ നിന്നും നിയമനം നടത്താൻ ഏതെല്ലാം ഹെഡ്ക്വാർട്ടേഴ്സ് വേക്കൻസികളാണ് നിലവിൽ ഉള്ളതെന്ന വിവരം വകുപ്പ് തിരിച്ച് ലഭ്യമാക്കാമോ;

(ഡി) ഒഴിവുകൾ ഉണ്ടായിട്ടും റിപ്പോർട്ട് ചെയ്യാത്തതായി ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; എങ്കിൽ ഒഴിവുകൾ റിപ്പോർട്ട് ചെയ്യാത്തവർക്കെതിരെ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 22.01.2014-ലെ മറുപടിക്ക്

<u>സ്പോർട്സ് ക്വാട്ട നിയമനം</u>

1960 ശ്രീ. എം. പി. വിൻസെന്റ്

താഴെ കാണുന്ന ചോദ്യത്തിന്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

സ്പോർട്സ് ക്വാട്ടയിൽ നിയമനത്തിനും വെയിറ്റേജ് മാർക്കിനും സ്പോർട്സ് ക്വാട്ടയിൽ ആനുകൂല്യം ലഭിക്കുന്നതിനും ഇനങ്ങളുടെ പ്രത്യേകത അനുസരിച്ച് മാർക്ക് പുനർനിർണ്ണയം നടത്തുമോ; വിശദമാക്കാമോ?

# കേരള നിയമസഭ
## 22.01.2014–ലെ മറുപടിക്ക്

<u>മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും ഇടുക്കി ജില്ലയ്ക്കനുവദിച്ച ധനസഹായം</u>

1961 ശ്രീ. കെ. കെ. ജയചന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ അപേക്ഷ നൽകി ധനസഹായം അനുവദിച്ചിരിക്കുന്ന അർഹതപ്പെട്ടവർക്ക് യഥാസമയം സഹായം വിതരണം നടത്താതിരിക്കുന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇടുക്കിജില്ലയിൽ 2013 നവംബർ 30 വരെ എത്ര പേർക്കാണ് സഹായം വിതരണം ചെയ്യാനുളളത്;

(സി) സഹായം വൈകാനുളള സാഹചര്യം വിശദമാക്കാമോ; ധനസഹായം കാലതാമസം കൂടാതെ വിതരണം നടത്തുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുളളത്; വിശദമാക്കാമോ?

# കേരള നിയമസഭ
## 22.01.2014-ലെ മറുപടിക്ക്

<u>ദുരിതാശ്വാസ നിധിയിൽ നിന്നും ഒറ്റപ്പാലം മണ്ഡലത്തിൽ അനുവദിച്ച തുക</u>

1962 ശ്രീ. എം. ഹംസ

താഴെ കാണുന്ന ചോദ്യത്തിന്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും ഒറ്റപ്പാലം മണ്ഡലത്തിലെ എത്ര പേർക്ക് എത്ര തുകയുടെ സഹായം അനുവദിച്ചു എന്ന വിശദാംശം ലഭ്യമാക്കാമോ;

# കേരള നിയമസഭ
## 22.01.2014-ലെ മറുപടിക്ക്

<u>പാണ്യാടത്ത് സദാനന്ദന്റെ വിധവയ്ക്ക് സാമ്പത്തിക സഹായം</u>

1963 ശ്രീ. എ. കെ. ശശീന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിലെ കക്കോടി ഗ്രാമപഞ്ചായത്തിലെ കുന്നത്ത് താഴത്ത് ഗീതയുടെ ഭർത്താവ് പാണ്യാടത്ത് സദാനന്ദൻ അപകടത്തിൽ മരണമടഞ്ഞതിനെ തുടർന്ന് സാമ്പത്തിക സഹായത്തിനുള്ള അപേക്ഷ ലഭിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ പ്രസ്തുത അപേക്ഷയിൻ മേൽ എന്ത് നടപടി സ്വീകരിച്ചെന്ന് അറിയിക്കുമോ?

# കേരള നിയമസഭ
## 22.01.2014-ലെ മറുപടിക്ക്

അന്നശ്ശേരി സുജാതയ്ക്കു സാമ്പത്തിക സഹായം

1964 ശ്രീ. എ. കെ. ശശീന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിലെ തലക്കുളത്തൂർ ഗ്രാമപഞ്ചായത്തിലെ കീഴ്മഠം ഇല്ലം, അന്നശ്ശേരി സുജാതയുടെ ഭർത്താവ് ബ്രഹ്മാനന്ദന്റെ അപകടമരണത്തെ തുടർന്ന് സാമ്പത്തിക സഹായത്തിനുള്ള അപേക്ഷ ലഭിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ പ്രസ്തുത അപേക്ഷയിൻമേൽ എന്തു നടപടി സ്വീകരിച്ചെന്ന് വെളിപ്പെടുത്താമോ?

# കേരള നിയമസഭ
## 22.01.2014–ലെ മറുപടിക്ക്

<u>മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും തുടർചികിത്സാസഹായം ലഭ്യമാക്കുന്നതിനു നടപടി</u>

1965 ശ്രീ. കെ. രാജു

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽനിന്നും ചികിത്സാസഹായം ലഭിച്ച രോഗിക്ക് അടിയന്തിരഘട്ടത്തിൽ തുടർചികിത്സയ്ക്ക് വീണ്ടും ധനസഹായം നൽകുന്നതിനുള്ള വ്യവസ്ഥ നിലവിലുണ്ടോ;

(ബി) എങ്കിൽ, ആദ്യസഹായം ലഭിച്ച് എത്ര കാലയളവിനുശേഷമാണ് അപേക്ഷ സമർപ്പിക്കേണ്ടതെന്നു വ്യക്തമാക്കുമോ;

(സി) ഒരിക്കൽ ചികിത്സാധനസഹായം ലഭിച്ച വ്യക്തിക്ക് മറ്റു രോഗങ്ങളുടെ ചികിത്സയ്ക്കായി വീണ്ടും ധനസഹായം അനുവദിക്കുമോ; ഇത്തരം സാഹചര്യങ്ങളിൽ മാനുഷികപരിഗണനവെച്ച് കാലയളവ് ഇളവുചെയ്യുന്നതിനു നടപടികൾ സ്വീകരിക്കുമോ?

# കേരള നിയമസഭ
## 22.01.2014-ലെ മറുപടിക്ക്

<u>ദുരിതാശ്വാസനിധിയിൽനിന്നും ഏറനാട് മണ്ഡലത്തിൽ അനുവദിച്ച സാമ്പത്തികസഹായം</u>

1966 ശ്രീ. പി.കെ. ബഷീർ

താഴെ കാണുന്ന ചോദ്യത്തിന്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

ഏറനാട് മണ്ഡലത്തിൽനിന്നുള്ള എത്ര അപേക്ഷകളിൽ എത്ര തുക മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും ധനസഹായമായി അനുവദിച്ചിട്ടുണ്ട്; വിശദമാക്കുമോ?

# കേരള നിയമസഭ
## 22.01.2014-ലെ മറുപടിക്ക്

ചികിത്സാ സഹായം ലഭിക്കുന്നതിനുള്ള കാലതാമസം ഒഴിവാക്കാൻ നടപടി

1967 ശ്രീ. പി. ഉബൈദുള്ള

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും എത്ര രൂപ ചികിത്സാ ധനസഹായമായി (അപകടമരണത്തിനുൾപ്പെടെ) നൽകി;

(ബി) മുഖ്യമന്ത്രി അനുവദിച്ച സഹായ തുക ജനങ്ങൾക്ക് ലഭിക്കുന്നതിന് 6 മാസത്തിലധികം കാലതാമസം വരുന്നു എന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) അനുവദിച്ച തുക വേഗത്തിൽ ലഭിക്കാത്തത് മൂലം രോഗികൾക്ക് മതിയായ ചികിത്സ ലഭിക്കാതെ പോകുന്നു എന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും അനുവദിച്ച തുക ജനങ്ങൾക്ക് കാലതാമസം കൂടാതെ ലഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 22.01.2014-ലെ മറുപടിക്ക്

<u>മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും മാവേലിക്കര മണ്ഡലത്തിന് അനുവദിച്ച തുക</u>

1968 ശ്രീ. ആർ. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും എത്ര രൂപ മാവേലിക്കര നിയോജകമണ്ഡലത്തിൽ അനുവദിച്ച് വിതരണം ചെയ്തിട്ടുണ്ട്; എത്ര പേർക്കാണ് സഹായം നൽകിയിട്ടുള്ളത്;

(ബി) 2011-12, 2012-13, 2013-14 വർഷങ്ങളിൽ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും ധനസഹായം ലഭിച്ചവരുടെ പേര് വിവരങ്ങളുടെയും തുകയുടെയും വിശദാംശങ്ങൾ ലഭ്യമാക്കുമോ; അപേക്ഷ ലഭിച്ചിട്ടും സഹായം ലഭിക്കാത്തവരുടെ വിശദാംശങ്ങൾ നൽകുമോ;

(സി) ദുരിതാശ്വാസനിധിയിൽ നിന്നും സഹായം ലഭിക്കുന്നതിന് 2011-12, 2012-13, 2013-14 എന്നീ വർഷങ്ങളിൽ കളക്ടറുടെ റിപ്പോർട്ട് ആവശ്യപ്പെട്ടിട്ടുള്ളവരുടെ വിശദാംശങ്ങൾ നൽകുമോ?

# കേരള നിയമസഭ
# 22.01.2014-ലെ മറുപടിക്ക്

<u>പാലക്കാട് ജില്ലയിൽ ദുരിതാശ്വാസനിധിയിൽനിന്നും അനുവദിച്ച തുക</u>

1969 ശ്രീ. എം. ചന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ദുരിതാശ്വാസനിധിയിൽനിന്നും അനുവദിച്ചിട്ടുള്ള ധനസഹായം യഥാസമയം ലഭ്യമാകുന്നില്ലെന്ന പരാതി ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ബി) പാലക്കാട് ജില്ലയിൽ ദുരിതാശ്വാസനിധിയിൽനിന്നും അനുവദിച്ച എന്തു തുകയാണ് കുടിശ്ശികയായിട്ടുള്ളത്;

(സി) ആലത്തൂർ നിയോജകമണ്ഡലത്തിൽനിന്നും ആറുമാസം മുമ്പ് അനുവദിച്ച തുക വിതരണം ചെയ്തിട്ടില്ലെന്നകാര്യം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ഡി) എന്തുകൊണ്ടാണ് അനുവദിച്ച തുക യഥാസമയം കൊടുത്തു തീർക്കുവാൻ സാധിക്കാത്തതെന്ന് വ്യക്തമാക്കുമോ;

(ഇ) കാലതാമസം ഒഴിവാക്കി യഥാസമയം ധനസഹായം വിതരണം നടത്തുന്നതിനുള്ള നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
# 22.01.2014–ലെ മറുപടിക്ക്

<u>'പറമ്പിക്കുളം – ആളിയാർ കരാർ'</u>

1970 ശ്രീ. ബി. ഡി. ദേവസ്സി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യ മന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പറമ്പിക്കുളം–ആളിയാർ കരാറനുസരിച്ച് തമിഴ്നാട്ടിൽ നിന്നും ലഭിയ്ക്കേണ്ട ജലം 2012–13 വർഷത്തിൽ കേരളത്തിന് ലഭിച്ചിട്ടുണ്ടോ; ഇതിനായി എന്ത് നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(ബി) 'പി. എ. പി. കരാറു'മായി ബന്ധപ്പെട്ട ഏതെല്ലാം വ്യവസ്ഥകളാണ് തമിഴ്നാട് സർക്കാർ ലംഘിച്ചിട്ടുള്ളത്; ഇതിനെതിരായ നിയമനടപടികളുടെ സ്ഥിതി എന്താണ്;

(സി) പി. എ. പി കരാർ പുനരവലോകനം നടത്തുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 22.01.2014-ലെ മറുപടിക്ക്

<u>ഉൾനാടൻ ജലഗതാഗത വികസനപദ്ധതി</u>

T.1971 ശ്രീ. പി.എ. മാധവൻ
,, ആർ. സെൽവരാജ്
,, വി.റ്റി. ബൽറാം
,, എം.പി. വിൻസെന്റ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഉൾനാടൻ ജലഗതാഗതം വികസിപ്പിക്കുന്നതിന് പദ്ധതി രൂപീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ഇതിന്റെ ഉദ്ദേശലക്ഷ്യങ്ങളും സവിശേഷതകളും എന്തെല്ലാമാണ്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) ആരെല്ലാമാണ് ഈ പദ്ധതിയുമായി സഹകരിക്കുന്നത്; വിശദമാക്കുമോ;

(ഡി) ഇതിനായി എന്തെല്ലാം കാര്യങ്ങൾ നടപ്പാക്കിയിട്ടുണ്ട്; വിശദാംശങ്ങൾ എന്തെല്ലാം?